Reg No. T. 125 പത്രാധിപർ ആർ കൃഷ്ണൻനായർ Licence No. 680 Dated 22-9-1949

# വികടകേസരി

## രാഷ്ട്റീയ വിനോദ മാസിക




ഒററപ്രതി 3 ണ.

WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY,
PLEASE CONSULT

# T. S. S. MANI & CO.,

**Jewellers and Dealers in Precious Stones**

MAIN ROAD : : : TRIVANDRUM. Phone No. 611



*Our Speciality:*
Reliable and Fashionable Ornaments and Silverwares Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**

## For your requirements of up-to-date & FASHIONABLE FURNITURE,

Timber Scantlings
of all Varieties,
Building Materials
Bamboos etc. etc.

*Please ring up*
**PHONE NO. 201.**
*You will find us most competitive*

**Ramakrishna Timbers,**
ALLEPPEY
Prop: V. S. RAMAKRISHNAN NAIR.

## ആലപ്പി സിൽക്ക ഹൌസ്

കല്ലൻറോഡ്, ആലപ്പുഴ.
(മുല്ലക്കൽ ബ്രാഞ്ച്)

ഒന്നാംതരം സിൽക്കസാരികൾ, പട്ട്, ചീട്ടി, ഷർട്ടിംഗ്, ഇവകൂടാതെ എല്ലാത്തരം ജൌളിത്തരങ്ങളും മിതമായ വിലയ്ക്കു വില്പനയ്ക്കുണ്ട്.

പ്രൊപ്രൈററർ
ഭീമാ ആൻറ് ബ്രദർ.

## പത്മാകഫേ

മുല്ലക്കൽ അമ്പലത്തിനു് മുൻവശം
ആലപ്പുഴ.

ശുചിയും രുചിയുമുള്ള ആഹാരത്തിനും സുഖമായി താമസിക്കുന്നതിനും പററിയ സ്ഥാപനം.

VIKATAKESARI

പുസ്തകം 1 | മേയ് 1950 | ലക്കം 7

# കേസരീ വീക്ഷണം
## നിരക്കാത്ത നേരുകൾ

വിജ്ഞാനമായാലും വിനോദമായാലും, രാഷ്ട്രീയമായാലും അരാഷ്ട്രീയമായാലും, സാമുദായികമായാലും മതകാര്യമായാലും, കുമ്പളമായാലും കുഞ്ഞുരാമനായാലും, മുണ്ടശ്ശേരിയായാലും ആനിജോസഫായാലും, ആണായാലും പെണ്ണായാലും എന്തായാലും ഏതായാലും നിരക്കാത്ത നേരുകൾ ആർക്കും കേൾക്കണ്ടാ. അതു പറഞ്ഞുപോയാൽ പറയുന്നവൻ കമ്മ്യൂണിസ്റ്റോ അഥവാ ആ 'ഇസ്റ്റിന്റെ' അനുഭാവിയോ ആയിത്തീരും. പിറേറന്നു അവനെ പിടിച്ചുകെട്ടി വലിച്ചിഴച്ചു പോലീസ്സ്റ്റേഷനിൽ കൊണ്ടിട്ടു മുതുകിൽ വെടിക്കെട്ടു നടത്തും. ഉള്ളൂർസ്വാമി ജീവിച്ചിരുന്നകാലത്തു് അദ്ദേഹത്തിന്റെ ഒരു കാലിനു മറേറക്കാലിനേക്കാൾ അല്പം നീളം കുറവാണെന്നു പറഞ്ഞുപോയാൽ അതു വലിയ വിരോധത്തിനു് കാരണമാകുമായിരുന്നു. കാര്യം ഏററവും ശരിയുമാണു്. ഒടുവിൽ അങ്ങനെ നീളം അല്പം കുറവെന്നുപറഞ്ഞതു് പിശകാണെന്നും അല്പം നീളം കൂടുതലാണെന്നുള്ളതാണു് ശരിയെന്നും, പറഞ്ഞവൻതന്നെ തിരുത്തി വഴക്കു തീർത്തിട്ടുണ്ടു്. നമ്മുടെ രാജ്യത്തുള്ള സകല ആളുകൾക്കും അവരവരെ സ്പർശിക്കുന്ന ചില നേരുകൾ കേൾക്കുമ്പോൾ കലശലായ ചൊറിയും കടിയുമാണു്. വിനോദമാസികകളിൽ കാണാറുള്ള ഒന്നാംതരം വിനോദങ്ങളെല്ലാം ആരുടെയെങ്കിലും ഉള്ളിൽ തട്ടാതെ തരമില്ല. കാൺഗ്രസ്സ് പ്രസിഡണ്ടു്, പ്രധാന മന്ത്രി, സഹമന്ത്രിമാർ, ഈ മന്ത്രിയപ്പന്മാരുടെ ബന്ധുക്കളും മിത്രങ്ങളും ഓരോ സ്ഥലത്തേയും തൊഴിലില്ലാ പ്രമാണികൾ, ഉദ്യോഗസ്ഥഗന്ധർവ്വന്മാർ, അങ്ങനെ അങ്ങനെ ഇങ്ങോട്ടു് "ഏഡ്ഢങ്ങത്തെവരെ"യുള്ള ഒരു ജീവിയേയും പററി ഒന്നും പറയുന്നതു അവററകൾക്കു് ഇഷ്ടമല്ല. പറഞ്ഞുപോയാൽ അതെല്ലാം നോട്ടുചെയ്തു് സന്ദർഭം കിട്ടുമ്പോൾ പകരം ചോദിക്കും. പമ്പരം ചുററിക്കും. എന്നാലും ഓരോ നേതാവും ഭരണാധികാരിയാകുമ്പോൾ നടത്താറുള്ള നയപ്രഖ്യാപനങ്ങളിൽ, സൃഷ്ടിപരമായ വിമർശനങ്ങളെ താൻ സ്വാഗതം ചെയ്യുന്നു എന്നു് തട്ടിമൂളിക്കാറുണ്ടു്. മുഖസ്തുതിയാണു് യഥാർത്ഥം പറഞ്ഞാൽ അയാൾക്കു് ഇഷ്ടം!! മുഖസ്തുതിക്കാരനാണു് അയാളുടെ ഭരണകാലത്തു കൊയ്ത്തുകാലം!! കാൺഗ്രസ്സ് ഉണ്ടാകുന്നതിനു മുമ്പു് രാമസ്വാമിഅയ്യരുടെ ഭീകര ഭരണം മുതൽ ഇങ്ങോട്ടു് കണ്ണോടിച്ചതിൽ ഞങ്ങൾ കാണുന്ന ഒരേ ഒരു പരിതാപകരമായ പരമാർത്ഥം ഇതുതന്നെയാണു്. നിരക്കാത്ത നേരുകളെ നേരിടാനുള്ള വിഷമം ഈ പൊന്നച്ചന്മാർക്കു് പൊതുവിലുള്ള സുഖക്കേടാണു്. രാമസ്വാമിയും ആദ്യം നയപ്രഖ്യാപനം നടത്തിയപ്പോൾ തന്നെ വിമർശിക്കുന്നതു തനിക്കു പാൽപായസം കുടിക്കുന്നതുപോലെ സുഖമാണെന്നു പറഞ്ഞു. അതുകേട്ടു വിശ്വസിച്ച മലയാളിപത്രം ഒന്നു വിമർശിച്ചു. അതിന്റെ ഫലം എന്തായിരുന്നു എന്നു് മാധവവാര്യരോടു് ചോദിച്ചാൽ പറയും. അന്നു ബുദ്ധിമാന്മാരായ സത്യനേശ

നും, സുകുമാരനും, ഏ. കെ. ഭാസ്കരനും, കെ. ജി. യും, കെ. ആർ. നാരായണനും മററും മുഖസ്തുതി നടത്തിയും ബലേഭേഷ് പറഞ്ഞും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു. സ്വാമിക്കു നൂറായിരം കുററങ്ങളുണ്ടായിരുന്നു. സ്വാമിയുടെ മാംസത്തിൻെറ വിളിയടക്കാൻ ഇവിടൊരുത്തിക്കും കഴിഞ്ഞില്ല. സ്വാമി അഹങ്കാരിയായിരുന്നു. അധികപ്രസംഗിയായിരുന്നു. മൈലാപ്പൂർക്കാരനായിരുന്നു. ഏകാധിപതിയായിരുന്നു. ഇതൊക്കെ ശരി. പക്ഷെ ഇതൊന്നും നേരേ പറഞ്ഞു വിമർശിച്ചുപോയാൽ അദ്ദേഹത്തിനു നിരക്കില്ല. ഏതായാലും സ്വാമിപോയി ഇവിടത്തെ ജനകീയക്കാർ ആ കസേരയിൽ എത്തി. പ്രസംഗസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, എന്നെല്ലാം മുദ്രാവാക്യംവിളിച്ചു തൊണ്ടയടച്ചുപോയവർ ഭരിക്കാൻ തുടങ്ങിയിട്ട് ആ പ്രാഥമികപൗരസ്വാതന്ത്ര്യങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണു്? നേരപറഞ്ഞാൽ വല്ല ഫലവുമുണ്ടോ? പ്രധാനമന്ത്രിയും മററു മന്ത്രിമാരും കാൺഗ്രസ്സ് തലവന്മാരും, അവരവരുടെ കാര്യം ഒന്നാമതായി ശരിപ്പെടുത്തി സ്വന്തം നില ഉറപ്പിക്കാൻ എന്തെല്ലാം ചെയ്യുന്നു. അവരെ സ്തുതിച്ചും ധ്യാനിച്ചും അടുത്തു കൂടിനില്ക്കുന്ന ദ്രോഹികളെപ്പോലും അവർ കനിഞ്ഞനുഗ്രഹിക്കുന്നില്ലേ? അവരുടെ കുററങ്ങൾ തുറന്നു പറയുകയും നേരേ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നവനു് അവനെത്ര വലിയ രാജ്യസ്നേഹിയോ കാൺഗ്രസ്സ് ആദർശപ്രേമിയോ ആയിരിക്കട്ടെ ഇവിടെ ഒരു രക്ഷയും കിട്ടാൻ പോകുന്നില്ലെന്നു മാത്രമല്ല ചിലപ്പോൾ ഇടിയൻ നാറാപിള്ളയുടെ മുഷ്ടിക്കടിയിൽ കിടന്നു ഞെരിയുകയും ചെയ്യും. ഇതാണു് ഞങ്ങൾ കാണുന്ന നമ്മുടെ രാജ്യഭരണം ആരോടു പറയും? ആരു കേൾക്കും. "നാലുപേർ കേട്ടാൽ നിരക്കാത്ത വാക്കുകൾ വാലുള്ള വാനരന്മാർക്കും ചിതം വരാ" എന്നു് പഴമൊഴിയുണ്ടു്. എന്നാൽ ഇന്നു നാലുപേരുടെ കാര്യമേ ഇല്ല. ഓരോരുത്തനും കേട്ടാൽ നിരക്കാത്തപക്ഷം ആ കാര്യം എത്ര നേരായാലും അതിയാന്റെ മുമ്പിൽ നടപ്പില്ലെന്നാണു്. ഇതു മനസ്സിലാക്കി നമ്മുടെ ആളുകൾ ഇന്നു് പലജാതി സക്ക്സ്സുകൾ അഭ്യസിച്ചുവരുന്നു. കാര്യം നേടണമായി. പട്ടത്തിനും, ടി. കെ. യും, കുമ്പളത്തിനും, മന്ദത്തിനും, ശ്രീകണ്ഠനും, അവരുടെ പാർട്ടികൾക്കും അനുരൂപമായ നിലയിൽ അപ്പപ്പോൾ മാറി മാറി നിന്നു് കാര്യം പററിക്കാനുള്ള അടവുകൾ സകലരും അഭ്യസിച്ചു അരങ്ങേററം നടത്തിവരുന്നുണ്ടു്. ഓരോന്നിലും ഏററുനില്ക്കുന്ന കാലത്തെ ആത്മാർത്ഥത അതിനടുത്ത നേതാവിനേയോ ഭരണാധികാരിയേയോ കാണുമ്പോൾ ഇല്ല. അപ്പോൾ അയാൾക്കു നിരക്കുന്ന രീതി; ഇപ്പോൾ ഇയാൾക്കു പററുന്ന രീതി. ഇങ്ങനെപോയാൽ ഈ രാജ്യം എൻെറ നാരായണാ, ഗോപാലകൃഷ്ണാ! നീ ഏറേറാ?




ഞങ്ങളെ സമീപിക്കുവിൻ!

വിവാഹാദി അടിയന്തിരങ്ങൾക്കും, പൊതുയോഗങ്ങൾക്കും ഉച്ചഭാഷിണി ആവശ്യമുള്ളവർ ഞങ്ങളുടെ ജവഹർ ഇലക്ട്രിക് വർക്ക്സ് സന്ദർശിക്കുവിൻ.

P. W. D. ആഫീസിനു മുൻവശം ആററിങ്ങൽ.

Prop: N. Sadasivan,
Javahar Electric Works, ATTINGAL

തൂലികാചിത്രം

# ശ്രീ. കുമ്പളം ശംകുപ്പിള്ള

സ്റ്റേററുകോൺഗ്രസ്സ് ജനിക്കാതിരുന്നുവെങ്കിൽ ഒരുപക്ഷേ റാബിൻഹുഡ്ഡ്, കായംകുളം കൊച്ചുണ്ണി തുടങ്ങിയവരുടെ പട്ടികയിൽ ഈ പേരും ഉൾപ്പെട്ടുപോയേനെ. അല്ലെങ്കിൽ ഇലക്ട്രിക് മൈതീൻ, മണക്കാട്ടു നാരായണപിള്ള, വല്ലാടൻ തുടങ്ങിയവരുടെ ലിസ്റ്റിൽ ചേക്കാനും ഇടയാകുമായിരുന്നു, അതുമല്ലായിരുന്നെങ്കിൽ ആഗമാനന്ദൻ, മംഗളാനന്ദൻ തുടങ്ങിയ സന്യാസികളുടെ ക്യാററലാഗിൽ ഒരു ശംകുപ്പിള്ള ചട്ടമ്പിയായി ഉൾപ്പെടാനും സാദ്ധ്യത ഉണ്ടായിരുന്നു. പക്ഷേ കാലം മാറി. കഥ മാറി. കാര്യം മാറി. മുൻപറഞ്ഞ മൂന്നു ലിസ്റ്റിലും ഉൾപ്പെടാനുള്ള അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തെന്തു സ്ഥാനമാനങ്ങളാണു് അദ്ദേഹത്തിനു് സമ്മാനിച്ചതു്; ആൾ സ്വാധീനമുള്ള അക്രമിയും, ചങ്കൂററം ഇണങ്ങിനില്ക്കുന്ന മാംസളൻ, ആദ്ധ്യാത്മികപ്രഭാവം സമ്മാനിച്ച ഒരു ചാർഷൻ—ആകപ്പാടെ ഈ അൽഭുതമനുഷ്യൻ രാഷ്ട്രീയ ചതുരംഗകളത്തെ ഗോദയായും സ്വീകരിച്ചപ്പോൾ കാര്യം ജോറായി. ശരീരബലത്തിന്റെ മുമ്പിൽ തലകുനിച്ചു സന്യാസത്തെ ചിലർ മാനിച്ചു. [illegible] അദ്ദേഹത്തിനു് ഭൂഷണമായി ഭവിച്ചു. രാഷ്ട്രീയരംഗത്തു് അദ്ദേഹത്തിന്റെ ശബ്ദത്തിനു് എതിർശബ്ദം ഉയത്താൻ ആളില്ലാതായി. ത്യാഗങ്ങൾ ഇല്ലേ എന്നോ? ശിവ ശിവ. അനേകമനേകം ത്യാഗങ്ങൾ. ജയിലിനുള്ളിലും ചപ്രമഞ്ചവും സദ്യവട്ടവും സഹിതം കഴിഞ്ഞുകൂടി. സർ സി.പിയ്ക്കു ഭയമില്ലായിരുന്നെങ്കിലും ലാക്കപ്പു സൂക്ഷിക്കുന്ന ശിപായിക്കും പോലീസുകാരനും ഇൻസ്പെക്ടർക്കും, കമ്മീഷണർക്കും അദ്ദേഹത്തെ ഭയമായിരുന്നു. ഭയപ്പെടേണ്ട ഒരാളാണെന്നു് പറഞ്ഞു. പരത്താൻ ഒരു സെററാളുകൾ അദ്ദേഹത്തിനു് ഈ അടുത്തകാലം വരെ സ്വദേശത്തും പരിസരങ്ങളിലും ഉണ്ടായിരുന്നു. അവർക്കു് മററു ദൈവമില്ല.



ഒരു കാലമുണ്ടായിരുന്നു. നാട്ടുകാർ നിലത്തുനിറുത്താതെ തോളിൽചുമന്ന കാലം. ചൊല്ലുന്നതു വേദവാക്യം. ചെയ്യുന്നതു പരിഷ്കാരം. അനുകരിക്കാൻ അനേകായിരംപേർ. ഓച്ഛാനിച്ചു നിന്ന കുററിച്ചൂലുകൾക്കെല്ലാം M. L. A പദവി സമ്പാദിച്ചുകൊടുത്തു. മന്ത്രിസഭ സൃഷ്ടിക്കുന്ന ബ്രഹ്മാവായി അവരോധിക്കപ്പെട്ടു. നിലയില്ലാത്ത അധികാരം അദ്ദേഹത്തിനു് സ്വായത്തമായപ്പോൾ ജനതാമദ്ധ്യത്തു് വിലയില്ലാത്ത ഒരു നാണയമായി അദ്ദേഹം അധഃ

പതിച്ചതു് അറിഞ്ഞില്ല. ഇന്നും മന്ത്രിസഭകളുടെ ശില്പിയാണു്. അടുത്ത തിരഞ്ഞെടുപ്പുവരെ ഈ മന്ത്രിമാരുടെ "കുലഗുരുവായി" കഴിയാമെന്നുവെയ്ക്കു. അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞാലോ? ആർക്കറിയാം?

കമ്പളം രാജ്യത്തു് ഭൂകമ്പമുണ്ടാക്കിയ മറ്റൊരു സംഭവം സ്വദേശാഭിമാനിയുടെ അസ്ഥിപഞ്ജരവും ചുമന്നുകൊണ്ടു് കലിതുള്ളി കലാശം ചവുട്ടി കണ്ണൂർ കടപ്പുറത്തുനിന്നുംവന്ന വരവാണു്. ചുടലപറമ്പുകൾ കിടുങ്ങി. പട്ടം മന്ത്രിസഭ തെറിച്ചു. ടി. എം വർഗ്ഗീസ്സ് പൊട്ടിച്ചിരിച്ചു. പക്ഷേ ആ കണ്ണൂർ കടപ്പുറത്തു് കടൽകാറേററു് സ്വൈരമായി കഴിഞ്ഞിരുന്ന സ്വദേശാഭിമാനിയുടെ ഭൗതികാവശിഷ്ടം വെള്ളയമ്പലത്തു് വെളിപ്പറമ്പിൽ പശുവിൻെറ ചാണകവും കാക്കക്കാഷ്ഠവും വീണു് വിറകൊണ്ടു വിലപിക്കുന്നതു് എത്രദിവസം കണ്ടു. ജൈത്ര നടത്തിയ കമ്പളത്തിൻെറ പൊടിപോലും പിന്നെ കണ്ടില്ല. അതും രാഷ്ട്രീയ 'സ്റ്റണ്ടാ'ണു്!

ഈ ഹിമാലയദേവനെ കുരങ്ങുകളിപ്പിക്കുന്ന ഒരു ശക്തിവിശേഷം തിരുവിതാംകൂറിലുണ്ടെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും. പക്ഷേ, ഉണ്ടു്. ഈശ്വരനാണെ ഉണ്ടു്. അതു് കക്ഷിരഹിതനും സ്വരക്ഷാനിരതനുമായ ടി. എം. വർഗ്ഗീസ്സ് എന്ന കലിശക്തിതന്നെയാണു്. കട്ടവായെ വിഴുങ്ങുന്ന കിട്ടവായെപ്പോലെ അദ്ദേഹം വിരാജിക്കുന്നു. ഭാഗ്യവാൻ!

കമ്പളം മഠാധിപനാണു്. ആശ്രമവാസിയാണു്. ഗുണമുള്ള ആളുകൾക്കു് പരോപകാരിയാണു്. ജീവിതം ലളിതംതന്നെ. റോഡരികിൽ കിടന്നാലും ഉറക്കം വരും.

വെടികഴിഞ്ഞ ഒരു കതനക്കുററിപോലെ, പ്രാഭവമെല്ലാം തീർന്ന ഒരു നായകനായി അദ്ദേഹം രാഷ്ട്രീയ ചതുരംഗകളത്തിൽ നില്ക്കുന്നു. അഥവാ കുറച്ചുദിവസത്തേയ്ക്കുകൂടി ഈ അലച്ചിയും ഇളകിയാട്ടവും കണ്ടേക്കും. മുഖത്തെ വേഷമൊക്കെ അഴിക്കാറായി. പിന്നത്തെ കഥയോ?

# ദേവസ്വം ബില്ല്

പാസാക്കിയെടുത്ത ദേവസ്വം ബില്ലുകൊണ്ടു ഭരണകർത്താക്കൾ ഉദ്ദേശിച്ചകാര്യം സാധിച്ചതിൽ ഞങ്ങൾ ഇന്നത്തെ തനി ജനകീയസർക്കാരിനെ അനുമോദിക്കുകതന്നെ ചെയ്യുന്നു. അന്യായമായ ഇത്തരം കൈകടത്തലുകളെ, ആക്ഷേപാർഹമായ തോന്ന്യാസങ്ങളെ ഞങ്ങൾ സർവ്വശക്തിയും ചെലുത്തി സ്വാഗതം ചെയ്യുകതന്നെ ചെയ്യും. ഇസങ്ങളുടെ പേരിൽ മുരടിച്ച ഭൂരിപക്ഷക്കാരുടെ ഭരണം അതൃപ്തി ജനിപ്പിക്കത്തക്ക ഏതു സംരംഭവും സ്വാഗതാർഹമാണു്. കേരളം ഒരു കൃഷകരാജ്യമായി കർഷകരാൽ തന്നെ കർഷകർക്കുവേണ്ടി ഭരിക്കപ്പെടുന്നതിനു് നമ്മുടെ ദേശീയക്കാർ വിത്തുപാകുന്ന ഇത്തരം പ്രവൃത്തികളെ ഹൃദയമുള്ളവർ അനുമോദിക്കുകതന്നെ ചെയ്യും.

നായന്മാരുടെ നേതാവും ഈഴവരുടെ സിക്രട്ടറിയും കൂട്ടുചേർന്നു് ജനകീയസർക്കാരിൻെറവക അൻപത്തിഒന്നുലക്ഷം വെള്ളിരൂപയും അനവധി ഹൈന്ദവക്ഷേത്രങ്ങളും കയ്യടക്കി കാളേജു തുറക്കാനും ഊട്ടുപുര പൂട്ടാനും മതമൊന്നാക്കാനും തുടങ്ങി. പാവപ്പെട്ട ഹിന്ദുക്കൾ അവരെ


**V. K. V. മെമ്മോറിയൽ**
**A. V. ഫാർമസി**

നിങ്ങളുടെ ആരോഗ്യം നഷ്ടപ്പെട്ടു് ആരോഗ്യം വീണ്ടെടുക്കാൻ ഞങ്ങളുടെ ച്യവനപ്രാശം, ദശമൂലാരിഷ്ടം ഇവ വാങ്ങി ഉപയോഗിക്കുക. കൂടാതെ ആയുർവ്വേദ വിധിപ്രകാരം തയ്യാർചെയ്ത എല്ലാവിധ ഔഷധങ്ങളും തയാറുണ്ടു്.

N. B. രോഗവിവരം വിശദമായി അറിയിച്ചാൽ മരുന്നു നിശ്ചയിച്ചു് അയയ്ക്കുന്നതാണു്.

പ്രൊപ്രൈറ്റർ ചാവറക്കോട്ടു്
സി. കെ. പുരന്ദരൻ വൈദ്യൻ.

വിശ്വസിച്ചു. ഉത്സവകാലമായതുകൊണ്ടും മഴയില്ലാത്തതുകൊണ്ടും ഹിന്ദുദേവാലയങ്ങളിൽ മന്ദശങ്കരന്മാൎക്കു വമ്പിച്ച സ്വീകരണങ്ങൾ കിട്ടി. പ്രസംഗവേദികൾ വൈദ്യുതദീപങ്ങളാലും ഉച്ചഭാഷിണികളാലും അലംകൃതമായി. വാചകമടിക്കാൻ വശമുള്ളവർ കയ്യടികേട്ടു ഇളകിയാടി. പറയാനുള്ളതും പറയേണ്ടതല്ലാത്തതും പെരുമ്പറയടിച്ചു് പ്രസംഗിച്ചു. ഹൈന്ദവൎക്കു ഉന്മേഷവും ഉണർവുമുണ്ടായി. പാതിരി പത്രങ്ങൾ എതിൎശബ്ദമുണ്ടാക്കി. വിപ്ലവത്തിനു വളമിടുന്നുവെന്നു് കക്ഷിരഹിതന്മാരും മന്ത്രിമാരെ സൃഷ്ടിക്കുന്നവരും അവരുടെ ആസനം താങ്ങികളും വിചാരിച്ചു. കടുത്ത വൎഗ്ഗീയവാദികൾ അവൎക്കു കൂട്ടുനിന്നു. മന്ദശങ്കരന്മാരെ പമ്പരം ചുററിക്കണമെന്നു്, വളഞ്ഞവഴിയിൽ വലിയവരായവർ ഒത്തൊരുമിച്ചു തീൎച്ചയാക്കി.

വിമാനങ്ങൾ പലതും ഡൽഹിയിലേയ്ക്കു് പറന്നു. ഹൈന്ദവതാല്പൎയ്യങ്ങളെ ബലികഴിച്ചും മന്ദശങ്കരന്മാരെ മൎയ്യാദപഠിപ്പിക്കുന്നതിനുതന്നെ മുഗീയഭ്രരിപക്ഷം തയ്യാറായി. കവനൻറിൻെറ തണലിൽ നാലുവർഷത്തേയ്ക്കു തിരഞ്ഞെടുത്ത ദേവസ്വം മുതൽപിടിക്കാരെ കേന്ദ്രസൎക്കാരിന്റെ അനുമതിയോടുകൂടി ആറുമാസത്തിനകം ആട്ടിയോടിക്കത്തക്ക കരുതലും കരുത്തും ടി. കെ യ്ക്കും പനമ്പള്ളി സൎക്കാരിനുണ്ടായതു് അനുമോദനാർഹമല്ലേ?

1125 മേടം 2-ാംതീയതി രാത്രി അഞ്ചരനാഴിക ഇരുട്ടിയ ശുഭമുഹൂൎത്തത്തിൽ കാറുകൊണ്ടു അന്തരീക്ഷം മൂടി, മൂങ്ങകൾ മൂളി, കാട്ടുപൂച്ച കാമംപെരുത്തു കരഞ്ഞു, പേഊളൻ വിളിച്ചലറി. ചിരകാലമായി വൎഗ്ഗീയവിഷം ശേഖരിച്ചുകൊണ്ടു് പൊത്തുകളിൽ പതിയിരുന്ന ജാതിപ്പാമ്പുകൾ ഗാന്ധിതൊപ്പിയും ഖദറുടുപ്പും ധരിച്ചു്, മതാതീതമനോഭാവം നടിച്ചു് രാജധാനിയിൽ ഇഴഞ്ഞു കളിച്ചു. നിമിഷപ്രതീക്ഷിതമായ ദേവസ്വംബില്ല് ദേശീയക്കാരുടെ കരവും ആസനം താങ്ങികളുടെ ആപ്പുവിളക്കും ഹൈന്ദവേതരന്മാരുടെ കൈപൊക്കലിനുമിടയ്ക്കു് മൂന്നുതരം വിളിച്ചു സ്ഥിരപ്പെടുത്തി.

മതാതീതനും മഹാനുമായ പട്ടം പലതും പ്രവചിച്ചു. മതാന്ധനായ കുഞ്ഞിത്തൊമ്മൻ മുതലക്കണ്ണുനീർ പൊഴിച്ചു. ആററങ്ങൽ നാണുവക്കീലും മാംകുഴി മാധവൻ മുതലാളിയും അടുത്ത തിരഞ്ഞെടുപ്പിനെ ഓൎത്തു മിണ്ടാതിരുന്നു. അബ്ദുൽ മജീദുസായിപ്പു് അച്ചടി യന്ത്രം മോഹിച്ചു് കൈപൊക്കി. കെ. പി. സാർ ദക്ഷിണേൻഡ്യൻ പ്രവിശ്യ രൂപീകരിക്കാൻ ബദ്ധശ്രദ്ധനായി. പാവപ്പെട്ട പൊട്ടനും കുഴിവാലുവെട്ടി കുട്ടനാടനും ഹൈന്ദവ താല്പൎയ്യങ്ങളുടെ നട്ടെല്ലിൽ സൂചിയേററി. കച്ചവടമനസ്ഥിതിക്കാർ, കരിങ്കാലന്മാർ, കരിഞ്ചന്തക്കാർ, കള്ളഒപ്പുകാർ ഇവർ ഒത്തൊരുമിച്ചു്, അമ്പലങ്ങളെ വിശ്വസിക്കാത്തവരെക്കൊണ്ടു്, ആരാധനകളെ അഭിമാനിക്കാത്തവരെക്കൊണ്ടു്, ഹിന്ദുക്കളുടെ ക്ഷമയെ പരിശോധിക്കത്തക്ക നിയമം പാസാക്കിയെടുത്തു് പാർട്ടിയും നടത്തി. ഹിന്ദുക്കൾ കണ്ണുതുറക്കണമെന്നു് ഒപ്പുകാരിൽ ഒരു കൂട്ടർ പതിനൊന്നാം മണിക്കൂറിൽ വിളിച്ചു് കരഞ്ഞു. കേട്ടവർ കൈകൊട്ടി ചിരിച്ചു. മന്ദവും ശങ്കരവും വെളിക്കുപോയി.

മതവും രാഷ്ട്രീയവും തമ്മിൽ ഇത്രത്തോളം പിണച്ചുചേൎത്തിട്ടുള്ള ഒരു നിയമവും നാളതുവരെ ആരും പാസ്സാക്കി എടുത്തി

നവീനരീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കുകൾ, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവുണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായവിലയ്ക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ—

ബി. പുഷ്പാംഗതപ്പണിക്കർ

പഴകുററി, നെടുമങ്ങാട്.

ട്ടില്ല. ഇത്രത്തോളം വർഗ്ഗീയവൈരം വലുതാക്കുന്ന ഒരു ചട്ടവും ഇന്നേവരെ ഒരു അസംബിളിയും അംഗീകരിച്ചിട്ടില്ല. ഒരു സംഘത്തിന്റെ ഹിതാനുസരണം, ആ സംഘത്തിനു യാതൊരു ബന്ധമോ അവകാശമോ ഉത്തരവാദിത്വമോ ഇല്ലാത്ത ഒരു ബില്ലും എവിടെയും അവതരിപ്പിക്കാനും അക്ഷരംപോലും മാററാതെ അതേപടിയിൽ നിയമമാക്കാനും ആർക്കും കഴിഞ്ഞിട്ടില്ല. അത്ര വിശിഷ്ടമായ രീതിയിൽ വിചിത്രമായ ഒരു നിയമം തിരു: കൊച്ചി ജനകീയസക്കാരിന്റെ മൂക്കുകയറു പിടിക്കുന്നവർ നടപ്പിൽ വരുത്തിയതിൽ അവരെ അനുമോദിക്കാതെ തരമില്ല. അടുത്ത ചരിത്രപുസ്തകത്തിൽ അവരുടെ പേരുകളും പെരുമയും പ്രവത്തികളും വാഴ്ത്തി തങ്കമഷിയിൽ അച്ചടിച്ചുവിടുന്നതാണു്. ആവശ്യമുള്ളവർ ആ കടലാസുകളെ സൂക്ഷിച്ചുകൊള്ളണം. കണ്ണാടിക്കൂട്ടിൽ, കാററുതട്ടാതെ സൂക്ഷിക്കണം.

ഇത്തരമുള്ള വിശിഷ്ടവസ്തുക്കളെ ഞങ്ങൾ സൂക്ഷിച്ചുവയ്ക്കും. ഭാവി ഭരണകത്താക്കൾക്കു പഠിക്കാൻ, അനുകരിക്കാൻ, അഭിമാനിക്കാൻ. പിന്നോട്ടു പോയിമറഞ്ഞ പല നിഴലുകളും ഞങ്ങൾ സൂക്ഷിച്ചു് പിടിച്ചു നിറുത്തിയിട്ടുണ്ടു്. ടി. എം. വർഗ്ഗീസിനുവേണ്ടി ഉത്തരവാദഭരണപ്രക്ഷോഭണം നടത്താൻ പട്ടം എടുത്തുചാടിയതു്, എ. നാരായണപിള്ള ചരിത്രപ്രസിദ്ധമായി കരണം മറിഞ്ഞതു്, കെ. പി. രണ്ടുതവണ ഇരുട്ടടിക്കു വിധേയനായതു്, സത്യനേശൻ ചാണകംകൊണ്ടേറുകൊണ്ടതു്, ലാത്തികളും തോക്കുകളും രാജപാതകളിൽ പലവുരു ചീറിപ്പാഞ്ഞതു്, രാജ്യത്തിൽ അരാജകത്വവും കുഴപ്പങ്ങളും വർദ്ധിച്ചതു്, സി. പി. സ്വാമി സ്വതന്ത്രരാജ്യം സ്ഥാപിച്ചതു്, അക്രമങ്ങൾ അഴിഞ്ഞാടിയതു്, പ്രായപൂത്തിവന്നവനെക്കൊണ്ടു് കുരിശുവരപ്പിച്ചു് കുററിച്ചൂലുകളെ കാണസംബ്ളിക്കയച്ചതു്, പട്ടംതാണുപിള്ളസാർ പ്രധാനമന്ത്രിയായതു്, ഒപ്പുശേഖരിച്ചു തരം താഴ്ത്തിയതു്, യാതനക്കാരെ വളത്തിയതു്, ഐക്യകേരളത്തിനുവേണ്ടി വഴക്കുപറഞ്ഞു് ആർക്കുംവേണ്ടിയല്ലാത്ത തിരു: കൊച്ചി സംയോജനം നടത്തിയതു്, ക്ഷാമം വളത്തുന്ന സാമ്പത്തിക സംയോജനം സമ്മതിച്ചു കൊടുത്തതു്, ഇങ്ങനെ അനവധി അഭിമാനകരമായ സംഭവങ്ങൾ അടുത്ത ചരിത്രത്തിന്റെ കഥാബീജമായി ഞങ്ങൾ കുറിച്ചുവച്ചിട്ടുണ്ടു്. അടുത്ത തിരഞ്ഞെടുപ്പും അടുത്തു വരുന്നുണ്ടു്.

അഹിംസാസിദ്ധാന്തം മറന്നു് ആനപ്പുറത്തെഴുന്നള്ളുന്ന ഇന്നത്തെ ദേശീയക്കാരേ! അടുത്തു വരുന്ന നാളെകളെ ഒന്നു കണ്ണുതുറന്നു നോക്കണേ. കാൺഗ്രസ്സിന്റെ അന്തസ്സിനെ, അന്തർസ്ഥിതമായ തത്വത്തെ നശിപ്പിക്കരുതേ. അവസരസമത്വത്തെ അവസരസേവകത്വമാക്കരുതേ. നിങ്ങൾക്കു കിട്ടിയ സമയത്തെ ദുർവിനിയോഗം ചെയ്യരുതേ. നിങ്ങൾ സമ്പാദിച്ച അപകീത്തിയെ അല്പമെങ്കിലും അഴിക്കാൻ ശ്രമിക്കണെ. നിങ്ങൾ പശ്ചാത്തപിച്ചെങ്കിലും പാപപരിഹാരമുണ്ടാക്കണെ. അല്ലെങ്കിൽ—അല്ലെങ്കിൽ——

## അറിയിപ്പ്

“വികടകേസരി” വായനക്കാക്കു് അടുത്തലക്കം മാസിക ജൂൺ 30-ാംതീയതിയേ പുറപ്പെടുകയുള്ളൂ. തുടന്നു് ഓരോ ഇംഗ്ലീഷ്മാസം 30-ാംതീയതിതോറും പുറപ്പെടുന്നതാണു്. കെട്ടിലും മട്ടിലും, ഉള്ളടക്കത്തിലും നവീന ചില പരിഷ്ക്കാരങ്ങളോടുകൂടി ഓരോമാസവും “വികടകേസരി” നിങ്ങളെ സമീപിക്കുന്നതാണു്. വികടകേസരിയുടെ ഭാവി നിങ്ങളുടെ കൈയിലാണു് സ്ഥിതിചെയ്യുന്നതു്. ഈ ലക്കത്തിൽ വന്നിട്ടുള്ള അച്ചടിപിശകുകൾ സദയം ക്ഷമിക്കണമെന്നു് അപേക്ഷ.

പത്രാധിപർ.

വിസ്മയാവഹമായ കലാചതുരിയിൽ
വിരിഞ്ഞുനില്ക്കുന്ന മൂന്നു മലരുകൾ.

മാധുരി—by ആർ. നാരായണപ്പണിക്കർ B.A; L T.
വില 1—0—0

തൂലികാചിത്രങ്ങൾ—by ദ്വിജേന്ദ്രനാഥടാഗോർ
വില 1—0—0

നിറകുടങ്ങൾ—by P. മാധവൻ വക്കീൽ, ആററങ്ങൽ
1—8—0

കെ. വി. പ്രസ്സ് & ബുക്കുഡിപ്പോ
ആററങ്ങൽ.

# ഒരു ഭഗവൽദൂത്

(ധന്വന്തരി)

ഇന്ത്യക്കിന്നു ലഭിച്ചുസ്വന്തനിലയും ഭൂപാലർ ഭൂഭാരവും
സന്ത്യജ്യാശു ഗവർണ്ണരാദി പലതാം സ്ഥാനത്തുമെത്തീടിനാർ.
ചന്തത്തിൽ ജനകീയമായി ഭരണം ദേവസ്വം ബോർഡുംതിരിച്ച-
ന്തസ്സെന്നു നിനച്ചതിന്നു ഭരണംചെയ്യുന്നു മന്ദാദികൾ.

അത്രാന്തരേ വാര്യ കുരുക്കളുണ്ണി-
ക്ഷേത്രോപ ജീവിനിവഹാശ്ചകേചിൽ
ഓർത്താശു സർവ്വാതൊരു യൂണിയൻചേ-
ർത്തദ്ധ്യക്ഷ്യനാട്ടാതിയെ വിട്ടഭൌതേ!

**ആഴാനി:**— ജ്ഞാതിവത്സല! ഭൂരിവിക്രമ! നായർവംശ ശിഖാമണേ!
പാതിശമ്പളമെങ്കിലും മമ സോദരർക്കു കൊടുക്കണം

**മന്ദം:**— വാര്യരുണ്ണി കുരുക്കളെന്നിവർ ജാതിയല്ല നമുക്കെടോ
കാര്യമിന്നു ശ്രവിക്കശമ്പള മർദ്ധമിന്നു കൊടുത്തിടാ.

**ആഴാ:**— ശമ്പളങ്ങൾ കൊടുക്കുകില്ലതു പോട്ടെയെന്നുടെ മന്ദമേ
മുൻപിനാൽ പതിവുള്ളചോറു കുറച്ചിടാതെ കൊടുക്കണം.

**മന്ദം:**— വച്ചുനേദ്യമതൊക്കെയിന്നു കുറച്ചുപിന്നെയിവർക്കിരി-
വച്ചുചോറു കൊടുപ്പതെങ്ങിനെ പിച്ചനോട്ടു പറകെന്തു നീ.

**ആ:**— പൂജകൾക്കിനി മാലകെട്ടുക പൂക്കളെന്നിവ വേണ്ടയോ?
പൂജകൊട്ടൊട്ടു പാട്ടുകുഴൽവിളി ശംഖുമെന്നിവ വേണ്ടയോ,

**മന്ദം:**— പൂക്കൾവേണ്ട പലേനിറം കലരുന്നപേപ്പറു കൊണ്ടുതാൻ
തൂക്കുമാലകൾ തൂക്കിയാൽമതി കൊട്ടുപാട്ടുകൾ വേണ്ടഹോ!

**ആഴാനി.**— ഹിന്ദുവംശമഹാർണ്ണവത്തിന് ചന്ദ്രനാകിയ മന്ദമേ
ഇന്നുചോറൊരു പടയതെങ്കിലുമായവർക്കു കൊടുക്കണം.

**മന്ദം:**— ഏററമിങ്ങിനെ തൂകിടേണ്ട പയററിനൊക്കയൊ ഉന്മതേ!
കൊററിനിന്നൊരു പറവുപോലുമവററകൾക്കു കൊടുത്തിടാ.

**ആഴാനി:**— സാധുരക്ഷണമെന്നുടെവ്രതമെന്നനേക സഭാസ്ഥലേ-
പ്ലാററുഫാറമതിൽകടന്നു പറഞ്ഞതൊക്കെ മറന്നുവോ?

**മന്ദം:**— ഈഷലില്ലരി ശർക്കരാദികൾ മോഷണങ്ങൾ നടത്തുമീ-
ഭോഷനോടുവചിക്കയില്ലോ ബഹു ദൂഷണങ്ങളകപ്പെടും.

**ആഴാനി:**— ഭോഷനെങ്കിലതാട്ടെ-ഞാൻ-തവ ഭാഷണം പല പേപ്പറിൽ
കാണ്മതുണ്ടതുമോർക്കിലോവിടു ഭോഷഭാഷണമാണതും
അർദ്ധപട്ടിണിയായ്കിടന്നൊര ഹിന്ദുജനതയെ ഹാ-മുഴു-
പ്പട്ടിണിക്കിഹ ഞങ്ങളൊത്തു കിടത്തുവാൻ പണിയുന്നതോ.

**മന്ദം:**— എന്തുചൊല്ലി കിഴട്ടുമക്കട ഹന്ത ഹന്ത കവിഞ്ഞുപോയ്
പന്തുപോലെയുരുട്ടിഗേററിന്ന് വെളിയിൽനിന്നെയെറിഞ്ഞിടും.
പാശമുടനടികൊണ്ടുവാമ മശങ്കരേ! പിടി തൂണുചേർത്തുട-
നാശുകെട്ടുക വാര്യരാദികൾ വന്നഴിപ്പതു കാണണം.

## കണ്ടതും കേട്ടതും

(മാക്ബ്ബന്‍)

ഭരണഘടനയിലെ യഥാര്‍ത്ഥഉദ്ദേശം പൗരസ്വാതന്ത്ര്യമാണെന്നു പറഞ്ഞപ്പോള്‍ ആരും വിശ്വസിച്ചില്ല. കണ്ടോ അഞ്ചുമിനിററുകൊണ്ടു പണി പററിച്ചതു്. ഇതാ ചംക്രമം. ഇതു കുറയാതിരിക്കുവാനാണു് സ്ത്രീയെ വേണ്ടെന്നു വച്ചതു മനസ്സിലായോ വല്ലതും പറഞ്ഞാല്‍ പോരാ.

* * * * *

ഇടപ്പള്ളി സംഭവത്തെ തുടര്‍ന്നു് അറസ്ററു ചെയ്തു. ആലുവാ ലാക്കപ്പിലടച്ചിരുന്ന സ: കെ. യു. ദാസ്സ് മാര്‍ച്ച് 25-ാംതീയതി എറുമ്പിന്‍കടിയേററു് മരിച്ചിരിക്കുന്നു. വടക്കുകിഴക്കുനിന്നു് ഒരു കാററടിക്കുന്നുണ്ടു്. സൂക്ഷിക്കണെ. മൂക്കുപോലും കിട്ടുകയില്ല.

* * * * *

ഏലൂരില്‍ ഒരു കച്ചവടക്കാരനെ പിഴിച്ചിലും ഇടിക്രിയയും നടത്തിയതിനു് ഒരു ഹേഡിനേയും രണ്ടു ക്രൂരിയേയും ഒരുമാസത്തേക്കു സസ്പെന്‍ഡുചെയ്തു. കൊള്ളാം. അഴിമതി.

* * * * *

അധഃകൃത M. L. A. 10 കൊല്ലംകൊണ്ടു് നമ്മള്‍ മററുള്ളവരെപ്പോലെ ആകും അതിനായി നന്ദിപൂര്‍വ്വം കാണ്‍ഗ്രസ്സില്‍തന്നെ നിന്നുകൊടുക്കണം. കൊടുക്കൊരു പാത്രംക്രടി. ഒരു കറിയുംകൊടു്. ഞമ്മക്കു കൊലദൈവാല്ലെ?

* * * * *

എന്റെ ദേ: സൂപ്രണ്ടുസാറേ! ആ കയ്യില്‍ കെട്ടിയിരിക്കുന്നതു കളിവാച്ചാണോ വടക്കുനോക്കിയാണോ? സൂചിയൊന്നല്ലേയുള്ളു.

* * * * *

ഹരിപ്പാട്ടു നെല്ലില്‍ മങ്കാണെന്നു് പരാതി പറയുന്നു. അടുത്തദിവസം പറയും കള്ളില്‍ വെള്ളമാണെന്നു്. അപ്പോള്‍ പീലിപ്പോസും, ജോണും, മേനോനുമൊക്കെ രാജിവച്ചുപോകണം. ഇല്ലെങ്കില്‍ ചെത്താനറിയാമോ?

* * * * *

ഗാന്ധിത്തൊപ്പി ശിപായിമാക്കുമാത്രം പോരാ. എല്ലാ ഗവ: ഉദ്യോഗസ്ഥന്മാര്‍ക്കും, റൗഡികള്‍ക്കും ക്രടി അനുവദിച്ചുകൊടുക്കേണ്ടതാണു്. അങ്ങനെ ഗാന്ധിസം നടപ്പിലാക്കണം.

* * * * *

കുഞ്ഞുരാമന്‍ അഞ്ചുതെങ്ങില്‍ ഒളിച്ചിരുന്ന കാലത്തു് രാത്രിനടന്നു രൂപാപിരിച്ചു 185 രൂപയും 80 വസ്ത്രവും തന്ന സാധുക്കള്‍ തൊഴിലില്ലാതെ പട്ടിണിയും, തറികളില്‍ എട്ടുകാലികള്‍ സ്ഥിരതാമസവുമാണെ. ഇനിയെങ്കിലും മന്ത്രി ശ്രദ്ധിക്കുമോ.

* * * * *

ചേര്‍ത്തല മണല്‍നീക്കി കൃഷിചെയ്യുകയെന്നതു മാററിവച്ചിട്ടു് ഇനി കൃഷിനീക്കി മണലാക്കാന്‍ പോകുകയാണു്. താമസിയാതെതന്നെ ചീ. മ. മാര്‍ ഊളമ്പാറയ്ക്കു പോകും.

* * * * *

ഫെ, മൈതീന്‍കുഞ്ഞുകാക്കാ ഇതെന്തൊരു നാണക്കേടാണു്. എന്തെങ്കിലും പറഞ്ഞിട്ടു് ഉടനേ പിന്‍വലിയും ക്ഷമാപണവും. ഇതു് പളേങ്ങാടിയൊന്നുമല്ലെന്നറിഞ്ഞുക്രൂടെ.

* * * * *

സ്വര്‍ണ്ണച്ചെടിയേയും മററും പറിച്ചുകൊടുക്കുന്നതിനു് 100 രൂപയും സ: പ്രകാശം മുതല്‍ പേരെ തല്ലിയെല്ലൊടിച്ചു കൊടുത്തതിനു് 50 രൂപയും പാരിതോഷികം കൊടുത്തിരിക്കുന്നു. മൃഗീയഭരണം സിന്താബാദു്.

* * * * *

കാണ്‍ഗ്രസ്സുകാര്‍ ഇനിയത്തെ തെരഞ്ഞെടുപ്പുകാലത്തു് വോട്ടിനിരക്കാന്‍ ചെല്ലുമ്പോള്‍, കൗമുദി പറഞ്ഞതു് കരിനാക്കന്‍ പറഞ്ഞതുപോലിരിക്കും. കുറിച്ചൂല്‍പ്രയോഗം മാത്രമല്ല മീന്‍വട്ടിപ്രയോഗങ്ങളും കാണാതിരിക്കയില്ല.

* * * * *

കൗപീനവും തോളത്തിട്ടുകൊണ്ടു് ഗോമതി പാണിഗ്രഹണത്തിനു പോയി ഇളിഭ്യനായ കുട്ടന്‍ മതങ്ങള്‍ മാറി മാറി വൈലാര്‍ പ്രതികളെ ഒറ്റികൊടുക്കുവാന്‍ നടന്നതുവരെ കഴിഞ്ഞു. ഇപ്പോഴിതാ ചേര്‍ത്തലക്കാരുടെ എണ്ണം പറഞ്ഞു മുതലെടുക്കുവാന്‍ ദേവികുളത്തില്‍പോയി നിന്നുകൊണ്ടു് അലറുകയാണു്. പല്ലുണ്ടോ പക്ഷിജാതിക്കു് ചൊല്ലുവിന്‍ മൃഗമാണു ഞാന്‍.

# "മന്ത്രിമാർ മഹാത്മാക്കൾ ഗാന്ധിയോ? വെറും ഭീരു"

(വികടൻ)

മൂത്രവിസർജ്ജനത്തിനുപോയ ഭഗവാൻ വേഗം തിരിച്ചുവന്നു. ഗീതാപ്രവചനം തുടർന്നു:—

"ഇന്ദ്രലോകത്തിൽപോലുമില്ലിദം മദംപൂണ്ടു
ഹിന്ദുവൈരികൾ മന്ദശങ്കരന്മാർ തൻകാലർ
സന്തതം ഹിതംപോലെയെന്തുചെയ്യാനും
[കാൺഗ്രസ്സ്
മന്ത്രിമാർ മഹാത്മാക്കൾക്കെന്തുസന്തോഷം
[നോക്കൂ
ഇന്ത്യയിൽ 'കുഞ്ഞാറാണ ജോണീച്ച പണ
[ബോസാം-
മന്ത്രിമാർ മഹാത്മാക്കൾ ഗാന്ധിയോ വെറും
[ഭീരു'

അർജ്ജുനൻ നടുങ്ങിപ്പോയി. കിടുകിടെ വിറച്ചു വിവശനായി വില്ല് താഴെ വച്ചുപോയി. മഹാത്മാഗാന്ധിയുടെ അവതാരകഥയും അത്ഭുതകൃത്യങ്ങളും ധർമ്മപുത്രൻ പറഞ്ഞു് പാർത്ഥൻ അറിഞ്ഞിരുന്നു. പോരെങ്കിൽ കലിയുഗത്തിലെ തൻെറ അവതാരങ്ങളിൽ പ്രമുഖസ്ഥാനം ഗാന്ധിജിക്കാണെന്നും ഒരിക്കൽ ഭഗവാൻതന്നെയും അരുളിച്ചെയ്തിട്ടുണ്ടു്. എന്നിട്ടിപ്പോൾ ഏതോ കുറെ ചൊക്കട്ട മന്ത്രിമാരുടെ പേരുപറഞ്ഞിട്ടു അവരാണു് മഹാത്മാക്കളെന്നും ഗാന്ധിജി കേവലം ഒരു ഭീരുവാണെന്നും അരുളിയപ്പോൾ സംശയാലുവായിത്തീർന്ന പാർത്ഥൻ അൽഭുതംകൊണ്ടു് നിർന്നിമേഷനായി പകച്ചു നിന്നുപോയി. ഭഗവാൻ തുടർന്നു. "പാർത്ഥാ ജഗൽക്കാരണനും സകല ചരാചരങ്ങളിലും നിറഞ്ഞു നില്ക്കുന്നവനുമായ പരമാത്മാവിന്റെ ഭാവപ്രകടനങ്ങളിലും വിലാസങ്ങളിലും നീ ഇനിയും അജ്ഞനാണല്ലെ? ഭക്താ, ഒന്നുകൂടി ശ്രദ്ധിച്ചു് കേൾക്കു. അജ്ഞാനമാണു് ദുഃഖകാരണമെന്നു നാം മുമ്പേ പറഞ്ഞല്ലോ അജ്ഞാനം തന്നെയാണു നന്മതിന്മകൾക്കും കാരണം. ഐശ്വരശക്തി സഗുണമായിരിക്കുന്നതുപോലെ തന്നെ നിർഗ്ഗുണവുമാണെന്നു് ഓർമ്മവേണം. കുരുക്കളും പാണ്ഡവരായ നിങ്ങളും എനിക്കു ബന്ധംകൊണ്ടു തുല്യമാണു്. നന്മതിന്മകളാണു് അടുപ്പത്തിനും അകൽച്ചയ്ക്കും കാരണമെന്നു ഒരു സാധാരണ ബുദ്ധിയുള്ള വികടനും മനസ്സിലായി. എന്നാൽ അതിനും അപ്പുറം കടക്കുക. എല്ലാം നല്ലതാണു് അഥവാ നല്ലതിനാണു് എന്ന ഭാവം പഠിക്കുക."

അർജ്ജുനൻ ആശങ്കാധീനനായി തന്നെ നിന്നു് ചോദ്യം തുടർന്നു. "പ്രഭോ, അവിടുത്തെ മായാവിലാസങ്ങൾ പെരുമാററത്തിൽ മാത്രമല്ല പ്രതിഭയിലും നിറഞ്ഞുകാണുന്നു. അടിയനു സ്ഥലജലഭ്രമം നിമിത്തം ഒരടി മുന്നോട്ടുനീങ്ങാൻ നിവൃത്തിയില്ല. ആദർശങ്ങളിലും സൽക്കാര്യപരിപാടികളിലും അചഞ്ചലമായ നിഷ്ഠ പൂണ്ടിരുന്നാൽ അതു ഭീരുത്വമാകുമെന്നും കള്ളച്ചെക്കെഴുതുകയും കള്ളക്കണക്കെഴുതി പണം അപഹരിക്കുകയും, കയ്ക്കൂലിയും കരിഞ്ചന്തയും അഴിമതിയും മററു ദ്രോഹകൃത്യങ്ങളും നടത്തിയതിനാൽ കൈബാംബുമായി പായിക്കപ്പെടുകയും ചെയ്യുന്നവൻ മഹാത്മാവാണെന്നും പറഞ്ഞാൽ അതു മനസ്സിലാകാത്തതു അവിദ്യാമൂലമാണെന്നു് അവിടുന്നു കല്പിക്കുന്നു! എന്തു മായയാണു്."

ഭഗവാൻ ചിരിച്ചു. പ്രപഞ്ചത്തിൻെറ മുഴുവൻ സൗഭാഗ്യങ്ങളും ആ മുഖത്തു കതിർവീശി. കായാമ്പൂവർണ്ണൻ വീണ്ടും പുഞ്ചിരിച്ചുകൊണ്ടു് തുടർന്നു.

"അർജ്ജുനാ, കർമ്മത്തിനാണു് ലോകത്തു പ്രസക്തിയുള്ളതു്. അല്ലാതെ ആദർശങ്ങൾക്കും നന്മയുടെ പേരിലുള്ള പക്ഷപാതബുദ്ധിക്കു

മല്ല. കമ്മം മാത്രമാണ സത്യം. ജീവിതംതന്നെ യും നിരവധികമ്മങ്ങളുടെ ഒരു ചങ്ങലയാണ്. കമ്മം ഏതും ജീവിതധമ്മമാണ്. അതു മനസ്സിലാക്കണം. അജ്ജുനൻ ചൊടിച്ചുകൊണ്ടു് ചോദിച്ചു "മോഷണവും ജീവിത ധർമ്മമാകുമോ" ഭഗവാൻ അർത്ഥഗർഭമായി ചിരിച്ചു "അതെ പെണ്ണു മോഷണംപോലും ജീവിത ധമ്മമാണ്. കുടിയും കൊലയും വ്യഭിചാരവും എല്ലാം ജീവിതധമ്മമാണ്. ഇതെല്ലാംക്രൂടി ഉൾപ്പെട്ടതാണ് ജീവിതം. ഗാന്ധിക്കു ചില പ്രത്യേക ജീവിതധമ്മങ്ങൾ മാത്രം നിവ്ഹിക്കാനുള്ള കഴിവുമാത്രമേ ഉണ്ടാകു. സത്യം, ദയ, അനുകമ്പ, നീതി, ന്യായം, തുടങ്ങിയ കുറെ പിന്തിരിപ്പൻ ഏപ്പാടുകൾ മാത്രം. മറിച്ചുള്ളതു് ഒരുനിമിഷം ചിന്തിക്കാനോ പറയാനോ പ്രവത്തിക്കാനോ ഗാന്ധി കരുത്തനല്ല. അവയെപ്പററി ചിന്തിക്കുമ്പോൾ ആ സാധു മനുഷ്യൻ നടുങ്ങുന്നു. ധമ്മഭീരുവായ നിന്നെപ്പോലെ വില്ലുവച്ചു മാറിനിന്നുകളയുന്നു. ഈ അധൈര്യത്തെയാണ് നാം ഭീരുത്വമെന്നു പറഞ്ഞതു്.

നമ്മുടെ കൊതിമന്ത്രിമാർ ഭൂലോകത്തിനു് കലികാലത്തിന്റെ ഒന്നാംതരം മാതൃകകളാണ്. പക്ഷെ അവരെ ലോകം വേണ്ടനിലയിൽ അറിഞ്ഞെന്നു വരുന്നതല്ല. പ്രമാദങ്ങളെ നോക്കിപ്പോകുന്നതു് ഏതുകാലത്തും ജനങ്ങളുടെ സ്വഭാവവിശേഷമാണ്.

അജ്ജുനൻ:—അതെ. ഏതും ജീവിതധമ്മമാണെങ്കിൽ കൊതിമന്ത്രിമാർ ജീവിതധമ്മത്തിന്റെ നിവ്ഹണം കണക്കിനു സാധിച്ചിട്ടുണ്ടു്. അവർ വലിയ ധീരന്മാരും തന്നെ. പക്ഷെ മഹാത്മാക്കൾ എന്നു പറയപ്പെടുന്നവർ മഹത്വമുള്ള ആത്മാവോടുകൂടിയവരായിരിക്കണമെന്നില്ലേ?

ഭഗവാൻ:—ഉണ്ടു്. മഹാത്മാക്കളുടെ ലക്ഷണനിവ്വചനം അതുതന്നെ. കൊതിമന്ത്രിമാർ ആത്മാവിനും അപ്പുറത്താണ്. ആത്മാവില്ലാത്ത അവസ്ഥയിൽ എത്തിച്ചേന്നവരാണവർ. അതു മനസ്സിലാക്കണം.

അർജ്ജുനൻ:—മനസ്സിലായി. എന്നാൽ അടിയനു വീണ്ടും ഒരു സംശയം ശേഷിക്കുന്നു. മഹാത്മാഗാന്ധിയുടെ ത്യാഗത്തെ സംബന്ധിച്ചു് വേദങ്ങളിൽ സങ്കീത്തനങ്ങൾ കാണുന്നു. കൊതിമന്ത്രിമാക്കു് ത്യാഗമെന്നു പറയാൻ എന്താണുള്ളതു്.

ഭഗവാൻ:—പാത്ഥാ, ഇതെന്തു ചോദ്യമാണ്. ത്യാഗമൂത്തികളല്ലെ, അവർ. ലോകത്തു് ഒരു മനുഷ്യനു ഏററവും വിലപ്പെട്ടതെന്താണോ അതിനെ ഉപേക്ഷിക്കുന്നവനല്ലെ ത്യാഗി. യഥാത്ഥ ത്യാഗി.

അജ്ജുനൻ:—അതെ. തീച്ചയായും അവൻ തന്നെ ത്യാഗി. ഇനി അവിടുന്നു പുറകോട്ടു് പോകാതിരുന്നാൽ മതി: ഇതനുസരിച്ചു് ആ മന്ത്രിമാർ എന്തു ത്യാഗമാണ് അനുഷ്ഠിച്ചതെന്നുമാത്രം പറഞ്ഞുതന്നാൽ മതി.


# പ്രിമിയർ ഹോട്ടൽ & റെസ്റ്റാറൻറ്

ശ്രീനാരായണകാളേജിനു സമീപം,

**കൊല്ലം.**

ശുചിയായും, രുചിയായും തയ്യാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

**N. B.** താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണ്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

ഭഗവാൻ:-അതിനുമുമ്പ് ഒരു കായ്യം നമുക്ക തീച്ച്പ്പെടുത്താനുണ്ട്. എന്താണ് ഏററവും വിലപ്പെട്ടതു്. അതു പറയൂ.

അജ്ജുനൻ:—പലതാണ്. പണം, സ്ഥാനമാനം, സുന്ദരിയായ സ്ത്രീ, ആരോഗ്യം, യൗവ്വനം, ഇങ്ങനെ പലതാണ്.

ഭഗവാൻ:—ഛായ്, മോശം മോശം. ഘനമില്ലാത്ത ചിന്തയിൽനിന്നു കിട്ടിയ ഉത്തരങ്ങളാണവ. ഒന്നുകൂടി ഓത്തുനോക്കൂ. ഏററവും വിലയേറിയതു് വിവേകികൾക്കു കീത്തിയല്ലേ? ലോകത്തു് അപകീത്തി ആരെങ്കിലും ഇഷ്ടപ്പെടാറുണ്ടോ കീത്തി നഷ്ടപ്പെടാൻ ആരെങ്കിലും ഇഷ്ടപ്പെടാറുണ്ടോ. നേരേമറിച്ച് കീത്തിക്കു വേണ്ടി എന്തെല്ലാം നഷ്ടപ്പെടുന്നു. എത്ര എത്ര സാഹസങ്ങളിൽ ജനങ്ങൾചെന്നു ചാടുന്നു.

അജ്ജുനൻ:—അതെ അതും സമ്മതിച്ചു. കീത്തിതന്നെ ആർക്കും ഏററവും വിലയേറിയതു്.

ഭഗവാൻ:—ഇനി എന്താണു വാദിക്കാനിരിക്കുന്നതു്. മഹാത്മാഗാന്ധി എന്നു പറയപ്പെടുന്ന സാധു മനുഷ്യൻ സ്വന്തം കീത്തി നഷ്ടപ്പെടുന്ന ഏതെങ്കിലും ഒരു കൃത്യം നടത്താൻ ധൈര്യപ്പെട്ടിട്ടുണ്ടോ. സ്വന്തം കീത്തി അണുമാത്രവും നഷ്ടപ്പെടാൻ ഒരു പരിതസ്ഥിതിയിലും ആഗ്രഹിക്കാത്ത ഒരുവൻ. എങ്ങനെ ത്യാഗിയാകും അയാൾ വെറും ഭീരുവല്ലേ? നേരേമറിച്ച് ഈ പറഞ്ഞ മന്ത്രിമാർ അവരുടെ പ്രക്ഷോഭണകാലത്തു് നേടിയ കീത്തിമുഴുവൻ ഭരണകാലത്തു നഷ്ടപ്പെട്ട് വെറുംകയ്യുമായി നില്ക്കാൻ കൂട്ടാക്കിയില്ല. മറെറാരുത്തൻ അതിനു ധൈര്യപ്പെടുമോ. ലോകത്തു് പല പല ആചാര്യന്മാരും ചിന്തകന്മാരും ജനിച്ചിട്ടുണ്ട്. പലതവണ നാം തന്നെ അവതരിച്ചു. സ്വന്തം കീത്തിക്ക് തകരാറു ഭവിക്കുമെന്നു കണ്ടാൽ പിന്മാറുന്ന ആചായ്യന്മാരും ചിന്തകന്മാരും അവതാരങ്ങളുമേ ഉണ്ടായിട്ടുള്ളു. ആ വിഷമത്തിൽ ഈ കൊതിമന്ത്രിമാർ ലോകചരിത്രത്തിൽ സാദൃശ്യമില്ലാതെ ഒറ്റപ്പെട്ടുനില്ക്കുന്ന അഞ്ചു നക്ഷത്രങ്ങൾ തന്നെ. എന്തു ത്യാഗം, എന്തു ധീരത! ഈ മന്ത്രിമാർ മഹാത്മാക്കളാണെന്നും ഗാന്ധിയാണ് ധമ്മഭീരുവെന്നും നാം പറഞ്ഞതിൽ എന്തിന് സംശയിക്കുന്നു.

അജ്ജുനൻ ഭഗവാനെ താണു വണങ്ങി. കള്ളച്ചെക്കും, കള്ളക്കണക്കും, കയ്ക്കൂലിയും, കരിഞ്ചന്തയും, വ്യഭിചാരവും, കുടിയും, മോഷണവും, കൊലപാതകവും നല്ലതെന്നു പറഞ്ഞ ഭഗവാനെ നോക്കിക്കൊണ്ട് വില്ലുകുലച്ചു കുരുസംഘത്തിലേയ്ക്കു് അസ്ത്രം അയക്കാൻ ഭാവിക്കവേ ഭഗവാൻ ഭയവിഹ്വലനായി ഇറങ്ങി ഓടുന്നു. ഇതെന്തു മായമെന്നറിയാതെ അജ്ജുനൻ


## രണ്ടു സിദ്ധൌഷധങ്ങൾ

കുഷ്ടത്തിനും, സിഫിലിസ്സിനും

കുഷ്ഠം ഏതവസ്ഥയെ പ്രാപിച്ചതായിരുന്നാലും പരിമിതകാലത്തെ ചികിൽസകൊണ്ട് നിശ്ചയമായും ഭേദപ്പെടുത്താൻ കഴിയും.

(സിഫിലിസ് ലിംഗവ്രണം)

എത്ര വർദ്ധിച്ചതായാലും ഏഴു ദിവസത്തെ ചികിൽസകൊണ്ട് പരിപൂർണ്ണസുഖം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

N. B. രോഗികൾ വൈദ്യനെ നേരിട്ടു കാണേണ്ടതാണ്.

എൻ. വേലായുധൻ വൈദ്യൻ,

ആരോഗ്യദായിനി വൈദ്യശാല

H. O. അവനവഞ്ചേരി, P. O. ആററിങ്ങൽ.



## സക്കാർ വൈദ്യശാല,

ഓച്ചിറ.

# ബാലാമൃതം

കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ, കണ, ചുമ, വലിവ്, വായുമുട്ടൽ, നെഞ്ച് കൂട്ടകെട്ടുക, മലബന്ധം, ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പററിയ സിദ്ധൌഷധം.

മാത്ര- 7 മുതൽ 15 തുള്ളിവരെ

വില അണ 8.

എസ്. കേശവൻ വൈദ്യൻ

വൈദ്യകലാനിധി.

ക്കൂടെ ഓടി. ഭഗവാൻ കാൽ നിലംതൊടാതെ പായുന്നുണ്ടു്. ഭക്തനും കൂടെ പാഞ്ഞു. ആ ഗതിവേഗത്തിനിടയിൽ ഭഗവാൻെറ ക്രിത്രിമ കിരീടം ഇളകി ദൂരെത്തെറിച്ചു. ഭക്തനു സംശയം വർദ്ധിച്ചു. കരിവണ്ടുകളെപ്പോലുള്ള ഭഗവാൻെറ കുറുനിരകൾക്കു പകരം നല്ല വെള്ളിത്തലമുടിയാണു് കാറ്റിൽ പറക്കുന്നതായി കണ്ടതു്.

എന്തിനു് ഒന്നരമൈൽ ഓടിയതിനുശേഷം ആ മുയലിനെ പിടികിട്ടി. അതു ഭഗവാനും പരമാത്മാവും ഒന്നുമായിരുന്നില്ല. പിന്നെയോ നമ്മുടെ ററി. എം. വർഗ്ഗീസുസാറായിരുന്നു, കൃഷ്ണപരമാത്മാവിൻെറ ക്രിത്രിമവേഷം കെട്ടി രഹസ്യമായി അർജ്ജുനൻെറ തേരിൽചെന്നു പററിയതും മേല്പറഞ്ഞ ഭഗവൽഗീത അരുളിചെയ്തതും ഭഗവാൻ മൂത്രവിസർജ്ജനത്തിനു പോയ തക്കത്തിനാണു്.

വിവരം അഞ്ചു മിനിട്ടിനുള്ളിൽ ഭഗവാൻ അറിഞ്ഞു. വർഗ്ഗീച്ചനെ അടുത്തുവിളിച്ചു. വർഗ്ഗീച്ചൻ കരഞ്ഞുപോയി. പരമാത്മാവിനു ആളെ മനസ്സിലായില്ല. ഒടുവിലാണറിയുന്നതു് മത്സ്യഗന്ധിയുടെ വംശപരമ്പരയിൽപെട്ട ആ കൊച്ചനാണെന്നു്.

ഭഗവാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "ശരി, നീ ഒരു കന്നനാണു്. 'കുരുത്തക്കേടു'കളിലാണു് നിനക്കു വാസന അല്ലെ. നിൻെറ ആശയ്ക്കു അവിചാരിതമായ ഭംഗം നേരിട്ടതായി നാം മനസ്സിലാക്കുന്നു. നിനക്കു നാം പുനർജന്മം അനുവദിച്ചിരിക്കുന്നു. പോകാം" ഒരു കാര്യംമാത്രം ഓർമ്മിച്ചുകൊള്ളണം. നമ്മുടെ അന്ത്യം വേടൻെറ ശരംകൊണ്ടാണെന്നു് നാം മനസ്സിലാക്കുന്നു. ആളുകളുടെനേക്കു് സ്വന്ത ബന്ധങ്ങൾ നോക്കാതെ അർജ്ജുനനെക്കൊണ്ടു ശരം അയപ്പിച്ചതിൻെറ പ്രതിവിധിയായിരിക്കണം. "നീ നിൻെറ പുനർജ്ജന്മകാലത്തു്" നടത്താവുന്ന കൂട്ടക്കുരുക്കുകൾക്കും ഈ ആൾമാറാട്ടത്തിനും അന്ത്യഫലം ശരശയ്യയായിരിക്കുമെന്നു് ഇതാ മുന്നറിയിപ്പു നൽകുന്നു. കാര്യങ്ങൾ വളച്ചുകെട്ടി പറഞ്ഞു, എല്ലാ കലാപങ്ങൾക്കും മുഖ്യ കാരണക്കാരനായി രഹസ്യപ്രവർത്തനം നടത്തി, ധാർമ്മികചിന്തയില്ലാതെ ഏതു ഹീനകൃത്യവും നടത്തുന്ന വേതാളമേ, ഹോ മറയത്തു്".

ഭഗവാൻ കോപംകൊണ്ടു ജ്വലിച്ചു. മററ ക്രിത്രിമഭഗവാൻ, ഈ ഉപദേശങ്ങളുടെ മദ്ധ്യത്തിൽ രഹസ്യമായി ത്രിലോകജ്ഞനായ പരമാത്മാവിൻെറ പാദങ്ങളുടെ കീഴിലുള്ള ഭൂമി കാൽകൊണ്ടു കുഴിച്ചു് അദ്ദേഹത്തെ മറിച്ചിടാൻ നോക്കുകയായിരുന്നു. 'ജന്മവാസന. ജന്മവാസന.'

ജന്തുവിന്നുതുടരുന്നു വാസനാ-
ബന്ധമിങ്ങുടലുവീഴുവോളവും.

ആ കോപാഗ്നിയിൽ കേവലം ഈയൽപോലെ നമ്മുടെ വേതാളം വീണുപിടഞ്ഞു. അർജ്ജുനൻ ആ നികൃഷ്ടനെ തൻെറ കാൽകൊണ്ടു കോരിയെടുത്തു് അടുത്തുള്ള കുരുക്കളുടെ ചുടലക്കളത്തിലേയ്ക്കു് എറിഞ്ഞു. അവിടെ ശവങ്ങളുടെ രാജാവായി അവൻ ഉദ്ദേശം അഞ്ചുമിനിട്ടു നേരംകൂടി ജീവിച്ചു. അതിൽ ഒരു ശവത്തെ തൻെറ മന്ത്രിയാക്കി കേശവൻ എന്നു പേരിട്ടു. അങ്ങനെ ആ ജീവിതം കഴിഞ്ഞു.


## അംബികവിലാസം റെസ്ററാറൻറ്

മീനാംബികാ തിയേററിനു സമീപം, ആററിങ്ങൽ.

ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ.

പ്രൊ: P. ശങ്കരൻ നായർ.

# ഇപ്പോൾ ആൎക്കും ബി. ഏ. പാസ്സാകാം.

ഉന്നതവിദ്യാഭ്യാസത്തിനുള്ള സൌകൎയ്യങ്ങൾ ഇല്ലെന്നു് ഇനി വിലപിക്കരുതു്. സൌകൎയ്യങ്ങൾ ആകാശംപോലെ അനന്തമായി നിങ്ങളുടെ മുൻപിൽ നിരന്നിട്ടുണ്ടു്. അവയെ പ്രയോജനപ്പെടുത്തിയാൽമാത്രം മതി. തനിക്കു ലോകത്തു് ഒരു ഉന്നതസ്ഥാനം വേണമെന്നുള്ളവർ, ബി. ഏ മുതലായ ഉന്നതപരീക്ഷകൾ ജയിക്കണം. അതിനുള്ള മാൎഗ്ഗങ്ങൾ ഞങ്ങൾ നിർദ്ദേശിക്കാം. ഏ. ബി. സി പോലും വശമില്ലാത്ത ഒരാൾക്കു ഒരേ കൊല്ലത്തിനകം നാലാംഫാറത്തിനു് തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം നല്കാം. പിന്നീടു് രണ്ടുവർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. ഉത്ക്കർഷേച്ഛുക്കൾക്കു് വീണ്ടും നാലുകൊല്ലത്തിനകം ബി. ഏ പാസ്സാകാം. സ്വന്തവീട്ടിൽ താമസിച്ചു് പരസഹായലേശമെന്യേ പഠിക്കാം. ഇംഗ്ലീഷിൻെറ കുറവുകൊണ്ടു് വശംകെടുന്ന നമ്മുടെ ആളുകൾക്കു് ഇതൊരു അനുഗ്രഹം തന്നെയല്ലെ! അദ്ധ്യാപകൻ, വിദ്യാൎത്ഥി, തൊഴിലാളി, മുതലാളി, കുചേലൻ, കുബേരൻ എന്നല്ല ലോകത്തിൻെറ ഏതുഭാഗത്തു താമസിക്കുന്ന ആർക്കും ഏതു പരീക്ഷയും ജയിക്കാം.

ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നുള്ള വിവരം കാണിച്ചു് കൂടുതൽ വിവരത്തിനു് എഴുതുക.

മാനേജർ, **കേംബ്രിഡ്ജ് കാളേജ്,**
കൈതമുക്കു് (V. K.) തിരുവനന്തപുരം.

## OPINIONS OF PASSED CANDIDATES

Heary thanks for your letter of the 15th instant intimating my success at the last Cambridge Senior Exmination................The only tuition I had, while preparing for the ex mination was your postal tuition it has helped me wonderfully and I think it the most efficient type of Postal tuition one can get. (This student passed in second class)

**Sd. L. Sarada, C/o S. V. Lakshmana Iyer, Advocate, Sivaganga.**

......The lesson you sent me were very useful in making me have a grasp of the subject They were so concise and to the point that one need hardly go through the text books for being successful it the examination.

(This Student passed in Third class)

Sd. P. Tagore Solomon, Oddapalayam, Caromepet, Madras.

ഇവിടെ ഞാൻ നാലാംഫാറത്തിലേയ്ക്കു് പാസ്സായിരിക്കുന്നു. മാൎക്കുകളെല്ലാം ഗണ്യമായ തോതിലുണ്ടു്. പ്രത്യേകിച്ചു് ഇംഗ്ലീഷിൽ ഒന്നാമതായി പാസ്സായിട്ടുണ്ടു്. അതിലേയ്ക്കു് ഈ പഠിപ്പു് വളരെ പ്രയോജനകരമായിത്തീൎന്നിരിക്കുന്നു.

പി. അംബുജാക്ഷി (2079)
പുതിയടത്തു വീടു്,
നെല്ലായ്യാ P. O.

നെല്ലായ്യ,
11-6-49.

# പെൺസാറന്മാർ

(പപ്പശുൻ)

സ്ത്രീസ്വാതന്ത്ര്യം എന്ന പദത്തിന് ശരിയായ ഒരു നിർവ്വചനം ആർക്കെങ്കിലും കൊടുക്കാൻ സാധിക്കുമെങ്കിൽ അതു പെൺസാറന്മാർക്കു മാത്രമാണ്, നമ്മുടെ നാട്ടിൽ ആണുങ്ങളിലും പെണ്ണുങ്ങളിലും ധാരാളമായി കണ്ടുവരുന്ന ഒരു സ്വഭാവവിശേഷമാണ് തോന്ന്യാസമെങ്കിലും, അതു ഏററവും കൂടുതൽ അടങ്ങിയിരിക്കുന്നതു പെൺസാറന്മാരിലാണെന്നുള്ള പരമാർത്ഥം പറഞ്ഞുപോകുന്നതിൽ സഹോദരികൾ പരിഭവിക്കരുതെന്നപേക്ഷ.

നമ്മുടെ മലയാളം പ്രൈമറി സ്ക്കൂളുകളിൽ പഠിപ്പിക്കാൻ നിയമിച്ചയച്ചിട്ടുള്ളതു് തൊണ്ണൂററിഒൻപതര ശതമാനവും പെണ്ണുങ്ങളെയാണ്. ശിശുപരിപാലനത്തിന് സ്വയമായിതന്നെ അവർക്കു വശമുണ്ടെന്നുള്ള തോന്നൽകൊണ്ടോ, അടുക്കളഭരണത്തിന് അവർക്കു കഴിവു കുറഞ്ഞുപോയി എന്ന അഭിപ്രായംവച്ചുകൊണ്ടോ, സ്ത്രീസ്വാതന്ത്ര്യം ഒരു നിയമനംമൂലം നടപ്പിൽ വരുത്തണമെന്നുള്ള അഭിലാഷംകൊണ്ടോ, കാനേഷുമാരി കണക്കിൻപ്രകാരം കേരളക്കരയിൽ സ്ത്രീകൾ കൂടുതലായിരിക്കുന്നതുകൊണ്ടോ, തക്കസമയത്തു് തക്ക ഭർത്താക്കന്മാരെ കിട്ടുവാനുള്ള ബുദ്ധിമുട്ടുകൊണ്ടോ, ഏതുകാരണംകൊണ്ടെന്നറിവില്ല, പെൺസാറന്മാർ പെരുകിവന്നിട്ടുണ്ട്. ഏതു സമയത്തും ഏകയായും കൂട്ടമായും എവിടെയും കാണുന്ന പരിഷ്കാരിപെണ്ണുങ്ങൾ തീർച്ചയായും പെൺസാറന്മാരായിരിക്കും. ആണുങ്ങളുടെ സ്വരത്തിൽ, വേഷത്തിൽ നടക്കുന്ന പെണ്ണുങ്ങളെകണ്ടാൽ അവർ പെൺസാറന്മാരാണെന്നു നിശ്ചയമായും കണക്കാക്കാം. ചുരുക്കിപ്പറഞ്ഞാൽ പുരുഷത്വം അഭിനയിക്കുന്ന സ്ത്രീ ഒരു പെൺസാറാണ്.

ഒരു വാദസമരത്തിന് പെൺസാറന്മാരോടു ആരും വട്ടംകൂട്ടരുതു്. കഴുത്തിനുചുററും നാക്കുള്ള ഇക്കൂട്ടരുടെ ഇടയിൽനിന്നും വഴക്കുപറഞ്ഞു ജയിച്ചുകൊണ്ടുപോയി പിഴയ്ക്കാമെന്നു വിചാരിക്കുന്നതു വ്യാമോഹമാണ്. സ്ത്രീത്വത്തിൽ അടങ്ങിയിരിക്കുന്ന, മിതഭാഷണം, ഒതുക്കം, വിനയം, കുലീനത്വം ഇവയൊന്നുംതന്നെ പെൺസാറന്മാരിൽ കാണാൻ വഴിയില്ല.

ഏതു വിദ്യാലയത്തിൽ പ്രവേശിച്ചുനോക്കിയാലും കാണുന്ന അനുകമ്പാർഹമായ ഒരു അവസ്ഥയുണ്ടു്. പാവപ്പെട്ട ഒന്നോ രണ്ടോ ആ


## പ്രത്യേക അറിയിപ്പ്

## പി. മാധവൻതമ്പി

### വെങ്കലപാത്രവ്യാപാരം

ചാല—തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്ക് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിൻെറ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

N. B ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സ്റ്റെയിലൻസ്സ് സ്റ്റീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണ്.

* ഒരേ വില *

പ്രൊപ്രൈററർ, പി. എം. തമ്പി.

ൻസാറന്മാരെ പാവയാട്ടിക്കുന്ന ഏഴോ എട്ടോ പരിഷ്കാരിണികൾ ക്ലാസ്സുമുറികൾ തകൎത്തുകൊണ്ടും കുണുങ്ങി ചിരിച്ചുകൊണ്ടും കുഴഞ്ഞാട്ടം നടത്തിക്കൊണ്ടും സമയം കഴിക്കുന്നതുമാത്രമ ഒരു വിദ്യാലയത്തിൽ കാണാൻ കഴിയുകയുള്ളു. തുനിഞ്ഞ പെണ്ണുങ്ങളുടെ ഇടയിൽ പ്രാരബ്ധക്കാരായ ആൺസാറന്മാർ തിരുവാഴിത്താന്മാരെപ്പോലെ കഴിയുന്നതു് കാണേണ്ട കാഴ്ചയാണു്. സരസ്വതീക്ഷേത്രങ്ങൾ ഈവിധം അഴിഞ്ഞ അരങ്ങുകളായി രൂപാന്തരപ്പെട്ടിട്ടുള്ള ഒരു കാലവും ഉണ്ടായിട്ടില്ല. അഞ്ചാംക്ലാസ്സു കഴിഞ്ഞാലും കൊച്ചുകുട്ടികൾക്കു് അക്ഷരജ്ഞാനമുണ്ടാകാതെ പോകുന്നതു് വേറൊന്നുകൊണ്ടല്ല കൂടിനിരുന്നു കുരങ്ങാടാനും കണ്ടവരുടെ കുററവും കുറവും പറയാനും പെണ്ണുങ്ങൾ ജനനാൽതന്നെ വിദഗ്ദ്ധകളാണു്. അററക്ക് അതിനുള്ള സമയവും സ്വാതന്ത്ര്യവുംകൂടി കിട്ടിയാൽ ——— ———

പെൺസാറന്മാരുടെ സ്വാതന്ത്ര്യങ്ങൾ, അല്ല, തോന്ന്യാസങ്ങൾ, അവിടെയും അവസാനിക്കുന്നില്ല. അഴിച്ചുവിട്ട ആടുകളെപ്പോലെ അവർ സൈറവചേൻറു് അങ്ങാടികളിൽ, ഉത്സവസ്ഥലങ്ങളിൽ, അമ്പലങ്ങളിൽ പ്രസംഗസ്ഥലങ്ങളിൽ, നാടകശാലകളിൽ, സിനിമാകൊട്ടകകളിൽ, ചുററിനടക്കും. മര്യാദിക്കാരായ ആണുങ്ങൾ അവൎക്കു് വഴിമാറിക്കൊടുക്കും. ബസ്സു യാത്രക്കാരിൽ കൂടുതലും പെൺസാറന്മാരാണു്. വൎക്കല കടൽപ്പുറത്തു ബലിയിടാനും, വൈക്കത്തു് അഷ്ടമിതൊഴാനും, ചേൎത്തല പൂരംകാണാനും, ശബരിമല വിളക്കുതൊഴാനും, കുമാരകോവിലിൽ കഞ്ഞികുടിക്കാനും കാവടിതുള്ളാനും കന്യാകുമാരിയിൽ ഉദയാസ്തമയംകണ്ടു രസിക്കാനും, ശുചീന്ദ്രത്തു തേരോട്ടസമയത്തു് ഇടികൊള്ളാനും തടിച്ചുകൂടുന്ന വനിതാ സമൂഹത്തെ ഒന്നു പരിശോധിക്കുന്നപക്ഷം അതിൽ ഭൂരിപക്ഷവും പെൺസാറന്മാരായിരിക്കും.

എങ്കിലും പതിവ്രതകളും പരിശുദ്ധകളുമായ പെൺസാറന്മാരില്ലെന്നില്ല. മൃഗീയഭൂരിപക്ഷം പക്ഷേ അവൎക്കില്ല.

സിനിമാലോകം

# "സ്ത്രീ"

(R. K. N.)

മലയാളത്തിലെ ഏഴാമത്തെ ചലനചിത്രമാണു് കോമളാഫിലിംസിൻെറ സ്ത്രീ. സന്ദൎഭോചിതമായ സംഗീതം, ചുറുചുറുപ്പുള്ള സംഭാഷണശൈലി. വൃത്തികേടില്ലാത്ത ഹാസ്യരംഗങ്ങൾ, കാണികളെ വികാരതരളിതമാക്കുന്ന അഭിനയചാതുരി, പ്രകൃതിരമണീയമായ പല സീനറികൾ, ഇങ്ങനെ പലതുകൊണ്ടും സ്ത്രീ കലാപ്രേമികളെ ഹഠാഭാഹൎഷിക്കുകയും, ആനന്ദിപ്പിക്കുകയും ചെയ്യുന്നുണ്ടു്. മലയാളനാടകലോകത്തു് അഭിനയപടുവെന്ന പേരുസമ്പാദിച്ച ശ്രീ. തിക്കുറിശിയാണു് സ്ത്രീയുടെ കഥയുടെ രചയിതാവു്. സ്ത്രീവൎഗ്ഗത്തിൻെറ വിഭിന്നങ്ങളായ സ്വഭാവരീതികൾ തുറന്നു കാണിക്കുവാനാണു് തിക്കുറിശി ശ്രമിച്ചിട്ടുള്ളതു്. ഒരു വേശ്യയായ ഭാൎയ്യയെയും ഒരു പതിവ്രതാരത്നത്തെയും പ്രത്യക്ഷപ്പെടുത്തുന്നു, പതിവ്രതയുടെ വിജയവും, വേശ്യയുടെ പരാജയവുമാണു് കഥാസാരം. പ്രധാനഭാഗം വേശ്യയായ ഭാൎയ്യക്കാണു്. പടം തുടങ്ങുന്നതുതന്നെ അവളുടെ സ്വഭാവരീതി പ്രത്യക്ഷമാക്കിക്കൊണ്ടാണു്. സ്ത്രീവിദ്വേഷപ്രസംഗം ഈ ചിത്രത്തിൻെറ ആദ്യാവസാനം വരെ നീണ്ടു നിൽക്കുന്നു "സ്ത്രീ ഉത്തരം ലഭിക്കാത്ത ഒരു ചോദ്യചിഹ്നമാണു്" സ്ത്രീപാരമ്പര്യം നശിപ്പിക്കാത്ത ഒന്നാണു്.

വസന്താസാമിൽ

ചിറയിൻകീഴ് താലൂക്കിലെ മികച്ച

ഏകസ്ഥാപനം

നാലുമുക്കിനു സമീപം ആററിങ്ങൽ.

ഭക്ഷ്യധാന്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി മിതമായ റേററിൽ ഇവിടെ പൊടിച്ചു കൊടുക്കപ്പെടും.

മാനേജർ.

എന്നിങ്ങനെയുള്ള അഭിപ്രായങ്ങളാണ് കഥാനായകനിൽ നിന്നും സദാ പുറത്തുവരുന്നത്.

ഒരു സ്ത്രീ വ്യഭിചരിക്കുന്നുണ്ടെങ്കിൽ ഒരു പുരുഷനും വ്യഭിചരിക്കുന്നുണ്ട്. സ്ത്രീപുരുഷന്മാർ തുല്യനിലയിലാണ് വ്യഭിചാരരംഗങ്ങൾ സൃഷ്ടിക്കുന്നത്. എങ്കിലും ലോകരീതി സ്ത്രീകളെയാണ് അധികം കുററപ്പെടുത്താറുള്ളത് ഇതിനെല്ലാം കാരണം പരിതഃസ്ഥിതികളാണ് ഈ ചിത്രത്തിലെ "മനശാസ്ത്ര" കഥനിലാന്റ തെളിയിക്കുന്നതിനുമാത്രമാണ് പ്രകൃതത്തിൽ നിന്നും അല്പം വ്യതിചലിച്ചത്. ഇതുവരെയുള്ള മലയാള ചലചിത്രത്തെവച്ചു നോക്കുന്നതായാൽ ഈ ചിത്രം ഒരു വമ്പിച്ച നേട്ടംതന്നെ. കഥാനായകനായ രാജന്റെ ഭാഗം അഭിനയിച്ചിരിക്കുന്ന തിക്കുറിശി സുകുമാരൻനായർ അനുഗ്രഹീതനടനും. മനശ്ശാസ്ത്ര പണ്ഡിതനുമാണെന്ന് എത്രതന്നെ പുകഴ്ത്തിയാലും അത അധികമാകുന്നതല്ല വിജയന്റെ ഭാഗം അഭിനയിച്ചിട്ടുള്ള ശ്രീ: അരവിന്ദാക്ഷമേനോൻ സാമാന്യം നന്നായിട്ടുണ്ട്. ശ്രീ: വൈക്കം മണി നല്ല തങ്കയിൽ അഭിനയിച്ചിരിക്കുന്നതിനെ അപേക്ഷിച്ച് വളരെ മെച്ചംതന്നെ. ശ്രീമതി ഓമല്ലൂർചെല്ലമ്മയാണ് സുഷമയുടെ ഭാഗം അഭിനയിച്ചിരിക്കുന്നത്. പ്രഥമചിത്രത്തിൽ തന്നെ ഇത്രത്തോളം വിജയം വരിച്ചതിൽ അനുമോദിക്കേണ്ടതുതന്നെ. ശോകരംഗങ്ങളിൽ മാത്രം അത്രത്തോളം ശോഭിക്കുന്നില്ല സുധയുടെ ഭാഗം അഭിനയിക്കുന്ന രാധാദേവിയുടെ ഗാനങ്ങളും നൃത്തനങ്ങളും വളരെ നന്നായിട്ടുണ്ട്. മന്മഥന്റെ ഹാസ്യാഭിനയം കാണേണ്ടതു തന്നെ.

വയോവൃദ്ധനായ നാണുപിള്ളയുടെ ഭാഗം അഭിനയിക്കുന്ന ശ്രീ: കുരിയാത്തി നീലകണ്ഠൻനായരെ സമ്മതിക്കാതെ തരമില്ല. സുപ്രസിദ്ധ നൃത്തകനായ ആനന്ദശിവറാമിന്റെയും പാർട്ടിയുടേയും ഭാരതീയ നൃത്യപ്രകടനങ്ങൾ ഈ ചിത്രത്തിന്റെ പ്രത്യേകതയാണ്. ശ്രീ: വേലപ്പൻനായരുടെ ഡയറക്ഷനും പറയത്തക്ക കുഴപ്പങ്ങൾ ഒന്നുംതന്നെ സംഭവിച്ചിട്ടില്ല

മലയാളത്തിലും ഒരു നല്ല. ചലചിത്രമുണ്ടായി എന്ന് അഭിമാനിക്കുള്ളതിനുള്ള സൌകര്യവും ഈ ചിത്രം നൾകുന്നുണ്ട്. എല്ലാംകൊണ്ടും സിനിമാപ്രേമികൾ "സ്ത്രീ"ക്ക് ഹൃദ്യമായ സ്വീകരണം നൾകുമെന്നുള്ളതിന് സംശയമില്ല.

## കൈപ്പററി

ഏകലോകം, പുനലൂർ ഗ്രാമസ്വരാജ്, ചങ്ങനാശേരി, വിശ്വധർമ്മം, കോട്ടയം, നിരീക്ഷകൻ, കായംകുളം, കൌമുദി, തിരുവനന്തപുരം, സ്വതന്ത്രകേരളം, വക്കല പ്രതിധ്വനി, പുനലൂർ എന്നീ വാരികകളും ശിവഗിരി, വക്കല, കേരളജ്യോതിഷ മാസിക, ആലപ്പുഴ, ഫിലം, എറണാകുളം, കല്പന, എറണാകുളം സുഭാഷിണി, ചെറായി, എന്നീ മാസികകളും മാററത്തിന അയച്ചുതന്നതു് നന്ദിപൂർവ്വം കൈപ്പററി മാന്യസഹജീവികൾക്കു് ഭാവുകം നേരുന്നു.

A.S.S. മാക്ക്
നാടൻ നല്ലെണ്ണ
A.S.S
വാങ്ങുവിൻ
പാലസ്‌റോഡ്, ആലപ്പുഴ

ന്യൂ റെസ്റ്റാറന്റ്
തമ്പാനൂർ : : : തിരുവനന്തപുരം
ശുചിത്വമായ കാപ്പിയും, ശാപ്പാട്ടും
എപ്പോഴും തയാർ.
പ്രൊ: വി. ഭാസ്കരപിള്ള.

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ചു് മിതമായ വിലയ്ക്കു ചെയ്തുകൊടുക്കാൻ തയാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണ്.
എം. ബാലൻ പോത്തൻകോട്.

# ചുട്ടെരിക്കിൻ

(മലീമസമായ കാൺഗ്രസ്സിൽനിന്നും പിന്മാറിയ ചില ആദർശപ്രേമികൾ പാടിയേക്കാവുന്നതു്)

(നാ-രി)

മുതലാളികാൺഗ്രസ്സിൽ പ്രചരണപ്പടമൊക്കെ
നിരതെററിത്തലകുത്തി കുഴിയിൽപററി,
ത്തുടരുന്നോ, തഴകുന്നോ, മടിയില്ലാതങ്ങറബി-
ക്കടലിലേക്കതിനെയെട്ടുത്തെറിയൂ വേഗം!
അറിയാനിനിയുലകിൽ നമുക്കുള്ളതൊന്നെ
[ന്തെന്നോ
പറയാം ഞാൻ സമതതൻ സരസാശ്ലേഷം!
വയറിന്റെ പോർവിളികളുയരുന്നൊരു
[നേരത്തീ-
ക്കഥപറയും കാൺഗ്രസ്സിനെയാക്കുവേണം?
ഒരുതുള്ളിവെള്ളവുമൊരുവററും കിട്ടാത്തൊരു-
വറുതിയിലും!– കമ്മററികൾ പദ്ധതികൾ!—–
പതിതരാം പാവങ്ങടെ പണമെല്ലാം തട്ടിക്കും-
സുഖിമാന്മാക്കുള്ളതല്ലിനിയീ രാജ്യം!
ഇത്തുവരെയും ഹാ! നമ്മേക്കൊട്ടുവെയിലിൽ
[ക്രൂടിയീ
ക്കദനാഗ്നിയിലെത്തിച്ചു ഖാദ് വസ്ത്രം!
ഇനിയുമതിൻപുറകെയോ പാടില്ല, പാടില്ല-
ത്തുടരല്ലേ ഖദറിലേ വിഷസർപ്പത്തെ————
അടികൊണ്ടുവീണുനാം, വെടിയുണ്ടയേററുനാം.
ജയിലിലെക്കൊട്ടമകൾക്കടിമപ്പെട്ടു!
സ്ഥിതിയെങ്ങനെയിപ്പോഴും മൃഗതുല്യമർദ്ദന-
സ്ഥിതിതന്നെ നമ്മേ ഞെരുക്കിടുന്നു.———

തകരും, തകരും, നമ്മൾ തകരാതെതരമില്ല
തരവഴിക്കാർകാട്ടും വഴിയേപോയാൽ————
ജനകീയപ്പാററകൾ കരളുമീബ്‌ഭരണത്തിൽ
പതിരിന്നായ്പ്പടവെട്ടും പ്രാണദണ്ഡം,
പരപമ്പരവിസ്തീർണ്ണം, പരമാർത്ഥം സോഷ്യ
[ലിസ്റ്റ്
ഭരണത്തിൽ രമ്യ 'ജയപ്രകാശം'.
അതിനായിപ്പടപൊരുതുവിനതിനായിട്ടൊരു
[മിക്കവി-
നതിൽനില്ക്കുവിനതിനായിട്ടുയിരുമേകിൻ!
അതിൽനിന്നും വിരിയട്ടെ വിടരട്ടെ വിലസട്ടെ!
ശതസഹസ്രാശയ കുഡ്മളങ്ങൾ!

* * * * *

മരവിച്ചകോൺഗ്രസ്സ്, മതിയിനിയീപ്രചരണ
പരിപാടികൾ, വിടീരില്ലാ മിഴികൾവീണ്ടും!
ആദർശപ്പേപേച്ചും പ്രകടനതന്ത്രങ്ങളു-
മന്യായം, ചുട്ടുകൊന്നീ ദേശീയതപം!
പൊട്ടിച്ചെറിയിൻ നിങ്ങളിന്നുവരെയും ശപാസം
മുട്ടിച്ച മർദ്ദന ബന്ധനങ്ങൾ!
മുതലാളിക്കോൺഗ്രസ്സിൽ പ്രചരണപ്പട
[മൊക്കെ-
ച്ചിതയിലേക്കെറിയുവിൻ! ചുട്ടെരിക്കിൻ!!!—


## വായിച്ചില്ലേ?

1. സ്മരണദർപ്പണം (ഒന്നും രണ്ടും ഭാഗങ്ങൾ)
   സർദാർ കെ. എം. പണിക്കരുടെ സംഭവബഹുലമായ ആത്മകഥാകഥനം— വില 3 രൂ.
2. മകരന്ദമഞ്ജരി ശ്രീ. പി. ശങ്കരൻനമ്പ്യാർ എം. ഏ. യുടെ ചിന്തോദ്ദീപകമായ ഉപന്യാസങ്ങൾ— വില 1 രൂ. 4 ണ.
3. മാനസപുത്രി മഹാകവി വെണ്ണിക്കുളത്തിന്റെ മനോഹരകവിതകൾ— വില 1 രൂ. 4 ണ.
4. ബാലഹൃദയം കൈനിക്കര കുമാരപിള്ളയുടെ കഥകൾ— വില 1 രൂ.
5. പരിവർത്തനം ടി. എൻ. ന്റെ നാടകം— വില 1 രൂ. 4 ണ.
6. ദർശനം ശ്രീ. എൻ. കൃഷ്ണപിള്ളയുടെ നാടകം— വില 1 രൂ. 4 ണ.

**P. K. Memorial Book Depot,**
VAZHUTHACAUD, TRIVANDRUM.

## വിവാഹമംഗളാശംസ

വേളാവൂർ പൊയ്കവിള പുത്തൻവീട്ടിൽ ജനാബ് S. കുഞ്ഞാശാൻ അവർകളുടെ പുത്രൻ ശ്രീ: K. ഷാഹുൽഹമീദും തച്ചപ്പള്ളി മഠത്തുവിളാകത്തു വീട്ടിൽ ജനാബ് S. കാസ്യൻപിള്ള അവർകളുടെ പുത്രി ശ്രീമതി S. അയിഷബീവിയും തമ്മിൽ മീനം 27-ാംതീയതി നടന്ന വിവാഹം സംബന്ധിച്ചും പെരുംകുളം മാമൂട്ടുവീട്ടിൽ ശ്രീമാൻ N. മാധവൻ അവർകളുടെ പുത്രൻ ശ്രീമാൻ M. വാസുദേവൻ അവർകളും അവനവൻചേരി വലിയവിളാകത്തു് ശ്രീമാൻ K. വേലുമുതലാളിയുടെ പുത്രി ശ്രീമതി V. തങ്കമ്മയും തമ്മിൽ മീനം 28-ാംതീയതിയും കററച്ചകോണത്തു പുത്തൻബംഗ്ലാവിൽ ശ്രീമാൻ S. പരമേശ്വരപണിക്കർ അവർകളുടെ പുത്രൻ ശ്രീ: P. ബാലകൃഷ്ണപണിക്കരും കോവളം നാരായണമന്ദിരത്തിൽ ശ്രീമാൻ നാരായണൻ മുതലാളിയുടെ പുത്രി ശ്രീമതി K. മീനാക്ഷിയും തമ്മിൽ 125 മേടം 24-ാംതീയതി വധുഗൃഹത്തിൽവച്ചു നടന്ന കെങ്കേമമായ വിവാഹം സംബന്ധിച്ചും തോട്ടയ്ക്കാട്ടു് ചന്ദ്രത്തിൽ വീട്ടിൽ ശ്രീ: നാരായണക്കുറുപ്പു് അവർകളുടെ അനന്തിരവൻ മി: മാധവക്കുറുപ്പും കരുവാളൂർ എരിച്ചക്കൽ വീട്ടിൽ ശ്രീമാൻ പരമേശ്വരൻപിള്ള അവർകളുടെ അനന്തിരവൾ ശ്രീമതി ഭാഗീരഥിഅമ്മയും തമ്മിൽ മേടം 2-ാംതീയതിയും ആറന്മുള ചെറുമണ്ണൂർ തോട്ടത്തിൽവീട്ടിൽ ശ്രീമാൻ A. നാരായണൻനായരുടെ സീമന്തപുത്രി ശ്രീമതി D. ശാരദഅമ്മയും ചിറയിൻകീഴ് വടക്കേ കണ്ണങ്കരവീട്ടിൽ ശ്രീമാൻ A. വാസുദേവൻനായരും തമ്മിൽ മേടം 2-ാംതീയതി നടന്ന വിവാഹം സംബന്ധിച്ചും പാങ്ങോട്ടു് മി: K. V. പാലാകോണത്തിൻെറ സഹോദരിമാർ ശ്രീ: N. രാജമ്മയും ചടയമംഗലത്തു് മേലപണയിൽ ശ്രീ: P. ഭാസ്കരപിള്ളയും ശ്രീ: N. രുഗ്മണിഅമ്മയും ഭരതന്നൂർ ചെറുകാട്ടുവീട്ടിൽ M. കൊച്ചുനാരായണപിള്ളയും ശ്രീമതി K. അംബുജാക്ഷിഅമ്മയും പാലാംകോണത്തു N. വെല്ലപ്പൻപിള്ളയും തമ്മിൽ 125 മേടം 2-ാംതീയതി കെങ്കേമമായി നടന്ന വിവാഹത്തിനു് വികടകേസരിക്കു് അയച്ചുതന്ന സംഭാവന നന്ദിപൂർവ്വം കൈപ്പററി നവദമ്പതികൾക്കു ഭാവുകം നേരുന്നു.

നാദസ്വരവിദ്വാൻ അമ്പലപ്പുഴ A. V. ചെല്ലപ്പപണിക്കർ ആററങ്ങൽ P. ഗംഗാധരപണിക്കർ, ആലപ്പുഴ കൃഷ്ണപ്പണിക്കർ എന്നിവരുടെ കച്ചേരിയോടുകൂടി സമംഗളം നടന്നിരിക്കുന്നു. വധൂവരന്മാർക്കു് വികടകേസരി സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു.

സുപ്രസിദ്ധ കൊട്ടാരംകഥകളി നടൻ ബ്രഹ്മശ്രീ. മാങ്കുളം വിഷ്ണുനംപൂതിരി അവർകളുടെ സീമന്തപുത്രി സൗഭാഗ്യവതി ദ്രൗപതി അന്തർജ്ജനവും മാവേലിക്കര മററത്തു് കല്ലമ്പള്ളി ബ്രഹ്മശ്രീ. വാമനൻനംപൂതിരി അവർകളുടെ പുത്രൻ ശ്രീ: ഈശ്വരൻനംപൂതിരി അവർകളും തമ്മിൽ 125 മേടം 17-ാംതീയതി ഞായറാഴ്ച വധുഗൃഹമായ കീരിക്കാട്ടു് മാങ്കുളം ഇല്ലത്തിൽവച്ചു നടന്ന കെങ്കേമമായ വിവാഹം സംബന്ധിച്ചു് വികടകേസരിക്കു് സംഭാവന അയച്ചുതന്ന 15 രൂപായും നന്ദിപൂർവ്വം കൈപ്പററി നവദമ്പതികൾക്കു് സർവ്വവിധ മംഗളങ്ങളും വികടകേസരി ആശംസിച്ചുകൊള്ളുന്നു. രാത്രി പ്രസിദ്ധനടന്മാരായ ശ്രീ: മാങ്കുളം, ആററങ്ങൽ കൃഷ്ണപിള്ള, ഓയൂർ ഗോവിന്ദപ്പിള്ള, കിരിക്കാട്ടു് നാരായണപിള്ള, ഇരമായികുളം, ആറന്മുള ഗോപിനാഥൻനായർ തുടങ്ങിയവരുടെ കഥകളിയും ഉണ്ടായിരുന്നു എന്നുള്ളതും ഇവിടെ സ്മരണീയമാണു്.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം !!
എവിടെ?
ആസാദ് ഹോട്ടൽ
പഴവങ്ങാടി * തിരുവനന്തപുരം.

# നാട്ടുവർത്തമാനങ്ങൾ

തിരുവനന്തപുരം:—ഗസ്റ്റ്ഹൗസ് സൂപ്രണ്ട് ആഫീസ് ജോലിക്കാരെ പലവിധത്തിൽ ചൂഷണം ചെയ്യാൻ ശ്രമിച്ചുവരുന്നുണ്ടെന്ന് പലരും പറയുന്നതിനെക്കുറിച്ച് അന്വേഷിക്കട്ടെ! പഴവങ്ങാടി കോട്ടയ്ക്കകത്തുള്ള ഒരു നരസിംഹയ്യരും രഹസ്യവേഴ്ചകളും മനസ്സിലായി. വിറകുപുര തെരുവിലെ ഒരു മേസ്തിരിയും അമ്മയും ഗുല്യമാല്യകളും വിശദമായി അടുത്തതിൽ. പഴവങ്ങാടിയിലെ ഒരു ബാർബർഷാപ്പുവേല സ്ഥലചുരുക്കമായതുകൊണ്ട് ലേഖനം മാററിവച്ചിരിക്കുന്നു. ഓവർബ്രിഡ്ജിനു സമീപം സ്ഥാപിച്ചിരിക്കുന്ന ആസാദ്ഹോട്ടൽ ഉത്തരോത്തരം പുരോഗമിച്ചുതന്നെ വരുന്നു.

കഴക്കൂട്ടം:—മഹാദേവ ക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം നാട്ടുകാരുടെയും സ്ഥലം പോലീസ് ഇൻസ്പെക്ടർ മി. ദേവരാജന്റെയും പരിശ്രമത്തിൽ വളരെ ഭംഗിയായി നടത്തിയിരിക്കുന്നതിൽ തൽഭാരവാഹികൾ അനുമോദനാർഹരാണ്.

കഠിനംകുളം:—കാൺവെന്റിലെ പുതിയ തിരുവനന്തപുരം വനിതാസാറിയും ഗന്ധർവ്വസേവയും അന്വേഷിച്ചടുത്തതിൽ.

പെരുമാതുറ:—കൊട്ടാരം തുരുത്ത്, മാടൻവിള എന്നീ കടത്തിലെ കടത്തുവള്ളക്കാരന് ശമ്പളം മേടിക്കുന്ന ജോലി മാത്രമേയുള്ളുയെന്നു പല യാത്രക്കാരും പറയുന്നു. അധികൃതർ ശ്രദ്ധിച്ചാൽ കൊള്ളാം.

മുരുക്കുംപുഴ:—കടവിലെ മത്സ്യക്കച്ചവടക്കാരുടെ ആഭാസകരമായ സംസാരം നിമിത്തം സമീപവാസികൾക്ക് വീട്ടിനുപുറത്ത് ഇറങ്ങാൻ സാധിക്കാതെ വിമ്മിഷ്ടപ്പെടുന്നുണ്ടെന്നു ഒരു സംസാരം നടക്കുന്നു. റെയിൽവേ സ്റ്റേഷനിൽ രാത്രികാലങ്ങളിൽ യക്ഷി സഞ്ചാരമുണ്ടു പോൽ. ഗേററിനു സമീപമുള്ള ഒരു വിദ്യാർത്ഥിയെ 24 മണിക്കൂർ കാണാതെപോയതും തിരിയെ കിട്ടിയതും രസാവഹമാണ്.

പേരൂർക്കട:—ശ്രീമാൻ രാഘവപ്പണിക്കരുടെ ഉടമസ്ഥതയിൽ നടത്തിവരുന്ന നാഷണൽ റെസ്റ്റാറന്റും, വസന്താ ടെക്സ്റ്റയിലും പൂർവ്വാധികം ഭംഗിയായി നടന്നുവരുന്നു.

പോത്തൻകോട്:—അഞ്ചൽമാൻ വിതരണകാര്യത്തിൽ അലസത കാണിക്കുന്നുണ്ടെന്നും മാസികകൾ വിചാസകാർക്ക് കൊടുക്കുന്നില്ലെന്നും തററയിൽനിന്നും പരാതികൾ വരുന്നു. ഇതിന് വേണ്ട നിർദ്ദേശങ്ങൾ അഞ്ചൽമാസ്റ്റർ കൊടുക്കേണ്ടതാണ്. തററ ആശുപത്രിയിലെ കമ്പൊണ്ടരേ! പത്രങ്ങൾ വരുത്തിയാൽ വരിസംഖ്യമേടിക്കുവാൻ ചെല്ലുന്ന ഏജന്റന്മാരെ കണ്ണു ഉരുട്ടുന്ന സമ്പ്രദായം ഇനിയെങ്കിലും ഒന്നു നിറുത്തണേ!

വർക്കല:—മൈതാനത്തിനു സമീപമുള്ള ഒരു റെസ്റ്റാറന്റ് മാനേജർ സാധുക്കളുടെ വയററിലടിക്കുന്നതു് വരവിന്റെ കൂടുതൽകൊണ്ടാണോ! പത്രക്കാരെയും കളിപ്പിക്കാമെന്നു പുള്ളിക്കാരന് ഒരു പൊടി നോട്ടമുണ്ട്. പക്ഷേ അതു്


സ്ററഡി വാഷ് സ്പെഷ്യൽ കേക്ക് നീലം

**903 ബാർ സോപ്പുകൾ.**

വസ്ത്രശുദ്ധിക്ക് ഏററവും പററിയതു്

പരീക്ഷിച്ചറിയുക.

**സ്ററഡി സോപ്പുവർക്സ്, വർക്കല.**

മാനേജർ.

വില പോവുകയില്ലേ! വളരെ സൂക്ഷിക്കണേ! ശ്രീദേവി സോപ്പുവർക്ക്സിൽ നിർമ്മിക്കുന്ന വാഷിംഗ്സോപ്പുകൾ ഒന്നാംതരമാണെന്ന അനുഭവസ്ഥർ പറയുന്നു. പാർവ്വത്യകാർ സ്വാമിയും പകുതികച്ചേരി കുഴപ്പങ്ങളും വിശദമായി അടുത്തതിൽ.

ആററങ്ങൽ:—മീനാംബികാ തിയേററിനു സമീപമുള്ള ഒരു റേഷൻ ഹോൾസെയിൽ ഡിപ്പോയിൽനിന്നും ഒരു ചാക്ക് അരി മോഷണംപോയെന്നും അതു് സമീപമുള്ള ഒരു ഹോട്ടൽകാരൻ മോഷ്ടിച്ചെന്നും അതിനെതുടൎന്ന് പോലീസിൻെറ സഹായത്തോടുകൂടി പ്രസ്തുത ഹോട്ടൽ ഉടമസ്ഥൻെറ വീട്ട് രാത്രി പരിശോധിച്ചിട്ടും തൊണ്ടിസാധനം കിട്ടാതെ മടങ്ങിപ്പോന്നതായും അറിയുന്നു. മോഷണംപോയ അരി പിറേറദിവസം ടി ഹോൾസെയിൽ കാമ്പോണ്ടിൽതന്നെ കണ്ടതായും അറിയുന്നു. വയറുപിഴക്കാൻ ഇരിക്കുന്ന സാധുക്കളെ ഇതുപോലെ ഉപദ്രവിക്കുന്നതു് പരമകഷ്ടമാണ്. അഞ്ചൽ ആഫീസിനടുത്തു് പുഷ്പവ്യാപാരം മി: ആർ. ഭാസ്കരൻപിള്ളയുടെ പുഷ്പവ്യാപാരശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ.

വെംകുളം:—സനാതന ഫാർമസി നായരുടെ ഡൌട്ട്വിദ്യ അത്ര പററിയതിനല്ല.

ചെറുനിയൂർ:—പുത്തൻകടവിനു സമീപമുള്ള ഒരു റേഷൻ ഡിപ്പോയിലെ അരി മുഴവനും അടുത്തുള്ള ഹോട്ടലിലെ ആവശ്യത്തിനാണോ!

പാരിപ്പള്ളി:—കള്ളഷാപ്പിൽ എക്സൈസുകാർ ശ്രദ്ധിച്ചാൽകൊള്ളാം. ഒരു യക്ഷിയുടെ സിനിമാ കാണൽ രഹസ്യം അടുത്തതിൽ.

നാവായികുളം:—ദേവസ്വം മാനേജരുടെ പരിശ്രമത്തിൽ ക്ഷേത്രത്തിലെ ഈ കൊല്ലത്തെ ഉത്സവം ഭംഗിയായി നടത്തുന്നതിന് ശ്രമിച്ചുവരുന്നു.

പാളയംകുന്ന്:—മാസികകളും എഴുത്തുകളും വിലാസകാർക്ക് അഞ്ചൽമാൻ കൊടുക്കുന്നില്ലെന്നു പരാതികൾ വരുന്നു. അഞ്ചൽ മേധാവിയുടെ സത്വരശ്രദ്ധ തെളിഞ്ഞുപതിയേണ്ടതാണ്.

മുഖത്തല:—ഏ-യെ സ്വീകരിച്ചു് സന്താനങ്ങൾ ഉണ്ടായതുമൂലം സ്!-യെ തട്ടിക്കൊണ്ടു കടക്കുന്ന പ്രകൃതം വിട്ടുകളയണേ.

ചിറയിൻകീഴ്:—കരുന്തവാക്കുളത്തിന് സമീപം വലിയ പാലക്കടവിലേയ്ക്കുള്ള ഇടവഴിയുടെ ശോച്യാവസ്ഥ അധികൃതർ അന്വേഷിക്കണേ. വലിയകട ചന്തയിലെ അഴിമതികൾക്ക് പോലീസകമ്പടിയുണ്ടുപോലും. ചന്തയിലെ അളവും തൂക്കവും ഒന്നു വേറെയാണ്. മൂത്തപ്പുര സ്ഥാപിച്ചതു അത്യന്തം ഉപകാരമത്രേ. തോപ്പിൽ പാലത്തിനു സമീപം പശുവും കുട്ടിയും ദാനംചെയ്തു സമ്പാദിച്ച പണംകൊണ്ടു ഒരു കച്ചവടക്കാരൻ ഇപ്പോൾ മോട്ടോർ സൈക്കിൾ വാങ്ങാൻപോകുന്നുപോലും. ആൽത്തറ മൂട്ടിൽ കൃഷ്ണൻകോവിൽവക കുളത്തിലെ ശുചിത്വംകൊണ്ടു് കേളേശ്വരദേവന് ത്വക്‌രോഗം പിടിപെട്ടുപോയെങ്കിൽ ധന്വന്തരിമൂർത്തി മൗനം ദീക്ഷിക്കുമോ? ശാർക്കര ദേവസ്വം കിണററിൽ മണ്ണെണ്ണയോ?

വെഞ്ഞാറമൂട്:—ജയ്ഹിന്ദ് റീഷാപ്പ് അഭിവൃദ്ധിയിൽ. കടയ്ക്കൽ യക്ഷി ഇവിടെ പ്രത്യക്ഷപ്പെടുന്നുപോലും. ആലന്തറ ശാസ്താംകാവ് പലകുത്സിതവൃത്തികൾക്കും കേന്ദ്രമാണുപോലും. അധികൃതരോ നാട്ടുകാരോ ശ്രദ്ധിക്കണം. കീഴായിക്കോണത്തു പഞ്ചസാര പരാതി അടുത്തതിൽ.

പാങ്ങോട്:—അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ വർഗ്ഗീയം ജനകീയ ഭരണത്തിൻെറ ലക്ഷണമാണോ?

കൂടുതൽ സമയം എരിയുന്ന

**സെൽവാ മെഴുകുതിരികൾ**

വാങ്ങുവിൻ.

**S. S. രാജാ & Co.**

ന്യൂ ബസ്സാർ, ആലപ്പുഴ.

കുമ്മിൾ ക്ഷേത്രത്തിലെ വാച്ചരോട്ട് ക്ഷേത്രം എവിടെ ഇരിക്കുന്നു എന്നു അധികൃതർ ഒന്നു ചോദിക്കണേ. പാങ്ങോട്ടേയ്ക്കു ധന്വന്തരി ആശ്രമ ആയുർവ്വേദ വൈദ്യശാല ഒരനുഗ്രഹമാണത്രെ. വായനശാല പ്രവർത്തനം തൃപ്തികരം.

വാമനപുരം:—ഒരു P. W. D. മേധാവി ഈ വൃക്ഷത്തിനൊരു കേടുമില്ലെന്നു് പരാതിക്കാരോട്ട് അതേ മരത്തിൻെറ ചുവട്ടിൽനിന്നു പറഞ്ഞിട്ടുപോയതിൻെറ എട്ടാംദിവസം ഒരു കൊമ്പൊടിഞ്ഞുവീണു കുററ വഴിയമ്പലം പൊടിയാക്കി ഇനി നില്ക്കുന്ന മറേറ കൊമ്പു് സമീപമുള്ള കെട്ടിടങ്ങളെ തുലക്കുന്നതിനു് അധികൃതർ ഇടപെട്ടു മുറിച്ചുമാററിയും മേൽപറഞ്ഞ മേധാവിയെ അനുമോദിച്ചും കാണുവാൻ ആഗ്രഹിക്കുന്നു. കമ്പൌണ്ടർ മാറിപ്പോയതിൽ പലരും ഖേദിക്കുന്നു. ആധാരമെഴുത്തു് ശ്രീ. K. നാരായണപിള്ള 50 ഏപ്രിൽവരെ വരിസംഖ്യ കുടിശികയുള്ള 12 അണയും ഉടനെ അയച്ചുതരുവാനപേക്ഷ. ഇതുമുതൽ താങ്കൾക്കു് മാസിക അയയ്ക്കുന്നതല്ലാ.

കൊല്ലം:—കഴിഞ്ഞ ലക്കത്തിൽ സെയിൽസ്ടാക്സ് ഇൻസ്പെക്ടരെ സംബന്ധിച്ചു് ചേർത്തിരുന്ന വാർത്ത വെറും അടിസ്ഥാനരഹിതമാണെന്നു് അന്വേഷണത്തിൽനിന്നും അറിവായിരിക്കുന്നു. ഇപ്രകാരമുള്ള അവാസ്തവവാർത്തകൾ മേലാൽ എഴുതി അയക്കരുതെന്നു ലേഖകനെ അറിയിക്കയും ചെയ്യുന്നു. സ്റ്റേററുടാൻസ്പോർട്ടാഫീസിനു സമീപമുള്ള മോഡേൺകഫേ ഉത്തരോത്തരം അഭിവൃദ്ധിയിൽ. മനോരമ പ്രതിനിധിയും അടിക്കിടങ്ങും സോഡാക്കുപ്പിയും ക്ഷമായാചനവും ചേർന്ന ഏകാങ്കനാടകം അടുത്ത ലക്കത്തിൽ.

കിളികൊല്ലൂർ:—അബ്ദുൽഖാദിർ മുസലിയാരുടെ സ്വാർത്ഥത വജ്റതുല്യമാണെന്നു ജനങ്ങൾ സംസാരിക്കുന്നു രാമചന്ദ്രവിലാസം ഹോട്ടൽ സ്ഥലത്തെ ഒരു നേട്ടമത്രേ. ഞായറാഴ്ചയൊഴിച്ചു ഒരു യക്ഷി രാത്രികാലങ്ങളിൽ റോഡിൽ സഞ്ചരിക്കുന്നുപോലും. S. K. V. മെഡിക്കൽഹാൾ പുരോഗതിയിൽ. കുററിച്ചിറ വിവേകാനന്ദവിലാസം വൈദ്യശാല അഭിവൃദ്ധിയിൽ.

കല്ലറ:—വാസവൻ ഡാക്ടരുടെ ഡിസ്പെൻസറി ഉത്തരോത്തരം പുരോഗതിയിൽ. മിതൃമ്മല നേതാജി സ്മാരക ഗ്രന്ഥശാലക്കു് ഒരു നല്ല ഭാവിയുണ്ടാകുവാൻ ഭാരവാഹികൾ ചെയ്യുന്ന ശ്രമം അനുമോദനാർഹമത്രെ പത്മത്തിൻകീഴ് മരുമകനെ പ്രസവിക്കുന്ന സമ്പ്രദായം ആവർത്തിക്കരുതേ; ഇരുളൂർ ഒരു വാദ്ധ്യാർ സാഹോദര്യത്തിൽ ചവറിടുന്നതു് വിവേകപൂർവ്വമാണോ? ഇടവം 4-ാംനു- വേലക്കാരൻ വരുന്നു. മുതുവിള 1138-ാംനമ്പർ S. N. D. P. ശാഖായോഗം അഭിവൃദ്ധിയിൽ ഭാരവാഹികൾ അനുമോദനാർഹരാണു്. പരപ്പിൽ കർഷകസമാജം വർഗ്ഗീയതയിലേ? ? മുതുവിളയിലെ കൃഷ്ണാജ്ഞനതൈലം അധഃപതനത്തിനു് വഴിതെളിക്കുകയാണെന്നോർമ്മിക്കണേ.

പുനലൂർ:—ചെംകുളം റോഡിലെ ഒരു പാലം ഉപയോഗശൂന്യമായി കിടക്കുന്നതു അധികാരികൾ ശ്രദ്ധിച്ചാൽ കൊള്ളാം. ഇടമൺ ചാരായഷാപ്പു് മിസ്റ്റർ കെ. സി. യുടെ മകൻ ഏറെറടുത്തതോടുകൂടി സ്ഥലത്തെ വിപ്ലവത്തിനു് ഒരറുതിവന്നിരിക്കുന്നു. ചന്തക്കു സമീപമുള്ള പുരുഷോത്തമൻനായരുടെ ഷൺമുഖവിലാസം നായർഹോട്ടൽ ഭംഗിയായി നടക്കുന്നു. ഡാക്ടർ R. K. തമ്പിയുടെ ഡിസ്പെൻസറി രോഗികൾക്കു് പ്രത്യേകം ഒരനുഗ്രഹമാണു്.

THE RAMAKRISHNA ELECTRIC WORKS,

Specialists in A. C. & D. C. Generator Motor Convertor, Transformer and Dynamo Repairs and Armature Windings and Dealers in Electrical Goods.

CHINNAKADA, QUILON.

പത്തനംതിട്ട:—വയിലറക്കത്തു് മിസ്റ്റർ പത്മനാഭപിള്ളയുടെ വന്ദ്യപിതാവു് വയലിറക്കത്തു കൃഷ്ണപിള്ള 66-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗംമൂലം മൃതിയടഞ്ഞിരിക്കുന്നു. പരേതന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കയും ബന്ധുമിത്രാദികളോടൊപ്പം സഹതപിക്കയും ചെയ്യുന്നു. അഡി: സബ് രജിസ്ത്രാറെ സംബന്ധിച്ചു പല പരാതികളും വന്നിരിക്കുന്നു. അന്വേഷിച്ചു് അടുത്തതിൽ. വെട്ടൂർ സ്വദേശി ഒരു കേശവൻ മദോന്മത്തനായി കുമ്പഴകവലയിൽ വഴക്കുണ്ടാക്കിവരുന്നതായി ഒരു പരാതി ഉത്ഭവിച്ചിരിക്കുന്നു. ജനസമ്മതനായ ഐ. പി. ശ്രദ്ധിക്കണം. സർവ്വയർ ഉണ്ണിത്താനും ഹോട്ടൽ മമതയും അടുത്തതിൽ.

ആലപ്പുഴ:—മുല്ലക്കൽ നൂളൻ എന്നു പറയുന്ന കണ്ണാടിവെത്തി കല്യാണിക്കാലം കഴിഞ്ഞപ്പോൾ കയ്യിലുള്ള കരുക്കൾ നിരത്തി കയ്ക്കുളിയിൽ പ്രവേശിച്ചിരിക്കുന്നു. ലജനത്തുൽ മഹമ്മദിയാ സംഘത്തിന്റെ അടുത്ത വർഷത്തെ തിരഞ്ഞെടുപ്പിൽ പിടിച്ച ഭാഗം ജയിക്കാഞ്ഞതിൽ പന്ത്രണ്ടുപേരുടെ വാക്കൗട്ട് ബഹുഭൂരിപക്ഷമെന്നും ഏ. ഏ. യുടെ വസതിയിലെ കാപ്പിയുടെ രുചിയാണെന്നും മനസ്സിലായി. പുത്തനങ്ങാടി വടക്കേക്കര സെ: ജോർജ്ജ്" സ്ട്രീററിലെ ഓടയിൽനിന്നും വമിക്കുന്ന ദുർഗ്ഗന്ധം ഹെൽത്താഫീസറുടെ മൂക്കിലടിക്കുന്നില്ലപോൽ.

കോന്നി:—കൊല്ലന്റെ വസതിയിൽ മൈലപ്രാ സൈക്കിൾ ഡാക്ടർ അടിക്കടി വന്നു പോകുന്നുപോൽ. പിള്ളാരെ കൊപ്പത്തിലാക്കി തള്ള കയ്യിലാക്കുന്ന പണം എങ്ങോട്ടു പോകുമെന്നു് കണ്ടറിയണം. പ്രവർത്തിക്കച്ചേരിക്കു സമീപമുള്ള മി: പത്മനാഭപിള്ളയുടെ ററീഷാപ്പു് ഒന്നാംതരം മാതൃകാപരമാണു്.

പത്തനാപുരം:—മീനാക്ഷിമുക്കിലെ പ്രതിമയെ ചെക്കർ ഞെക്കിക്കൊല്ലാതെ സൂക്ഷിക്കണം. സിനിമാകൊട്ടക മുൻവശമുള്ള പെണ്ണമ്മയും രജിസ്റ്റർവിവാഹവും വളരെ സൂക്ഷിക്കണം.

കരുനാഗപ്പള്ളി:—ചന്തയിലെ നഖം തിന്നിസേട്ടിന്റെ നൂർക്കരിഞ്ചന്തയും സായുവിന്റെ വീട്ടിലെ മദ്ധ്യാഹ്ന ഭക്ഷണവും മററും വിശദമായി അടുത്തതിൽ. താലൂക്കു ബാങ്കിലെ ഇപ്പോഴത്തെ സിക്രട്ടറിയുടെ വരവോടുകൂടി അഭിവൃദ്ധിപ്പെട്ടുവരുന്നു. ടയിലർ നാരായണന്റെ മോഷണവൃത്തി ഇനിയും തുടരുകയാണെങ്കിൽ അനുഭവം കണ്ടറിയണം.

ഇടയ്ക്കോട്ടു്:—ഭൂതനാഥൻകാവിലെ ഉത്സവം, വെടിക്കെട്ടും അനാവശ്യമായ ആർഭാടവും കൂടാതെ ഭംഗിയായി നടത്തിയതിൽ ഭാരവാഹികളെ അനുമോദിക്കേണ്ടതാണു്. കഥകളി ഒരു യഥാർത്ഥകലയാണെന്നു്, ഭൂതനാഥൻ കാവിലെ കഥകളിനടന്മാർ തെളിയിച്ചിട്ടുണ്ടു്.


## ഹോട്ടൽകോസ്മോ

ജംഗ്ഷൻ വ്യൂ, കററച്ചക്കോണം
പട്ടം, തിരുവനന്തപുരം.

കററച്ചക്കോണത്തു വരുന്നവർ രുചിയായി കാപ്പി കുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ സമീപിക്കുവിൻ.

N. B. താമസത്തിനു് സൗകര്യപ്രദമായ മുറികളും വാടകയ്ക്കു് കൊടുക്കപ്പെടും.

മാനേജർ.

ഊററു്—മണം—രുചി ഇവയ്ക്കു്

## ലില്ലി ബ്രാൻറ് തേയില

ഉപയോഗിപ്പിൻ.

പൂജപ്പുര, തിരുവനന്തപുരം.

മിനക്കി കാർത്തിയുടെ അടിയന്തിരവും പഴയ വിരോധങ്ങളും പിടാകക്കാര്യവും തമ്മിൽ കൂട്ടിക്കുഴച്ചതു് നന്നായില്ല. നല്ലവാക്കു് പറയിച്ചതും, പേളൗളൻ വിളിച്ചതും, കല്യാണതീയതി മാററിയതും കേമമായി. പലപ്രകാരത്തിൽ പേരുകേട്ട കാർത്തിയകൻ പിടാകക്കാരെ വകവയ്ക്കാതിരുന്നതു് പന്തിയല്ല. ഇസ്റ്റലിയും കരുപ്പട്ടിയും മാമം ചന്തയിൽ വിററഴിച്ചതായി ഒരു ഡിമാലകുണ്ടൻ പറഞ്ഞു നടക്കുന്നു. ഏതായാലും മിനക്കിയക്കോ മര്യാദക്കാരിയായി നടക്കണേ.

കലവൂർ:—ശ്രീമാൻ, ജി. എടക്കണ്ണാടന്റെ മനോരമയിൽ ക്ഷമ നശിച്ചു്, വിനയം റിറവു്, ഭഗീരഥപ്രയത്നം അങ്ങിനെ തുടങ്ങിയിരിക്കയാണു്. ആദർശവാന്റെ സുന്ദര ഭാവനകൾ!!

പ്രിയജീ!! അങ്ങയുടെ തിയേററിന്റെ വാസ്തുബലി ഫ്റീപ്പാസ്സ ടിക്കററുകൾ, കോണിപ്പടിക്കായി നീക്കിവച്ച കരുണ കരുണപ്പാമ്പു് നിഷ്ഠുരുണം സ്വഭാവത്തിന്റെ പ്രതിബിംബിക്കുന്ന ആദർശമോ? ഏതിലും നീതിസാരം ദർശിക്കുന്ന അങ്ങു്. മനോരമയുടെ കാര്യത്തിൽ മനുഷ്യത്വം മറന്നു് കിടക്കയിൽ തലയിണയുമായി കഴിഞ്ഞുകൂടിയതു് കൊച്ചുകുഞ്ഞുപോലും സഹിക്കുമോ! പല ആദർശങ്ങളേയും പകർത്തി പുലർത്തുവാൻ പോന്ന അങ്ങു്, മലർത്തി ഇടുന്ന തുറപ്പുചീട്ടു് അടുത്തതിൽ പ്രസിദ്ധം ചെയ്യാം. കലവൂർ മാടത്തിലെ കോയായുടെ ബ്ലാക്കുമാർക്കററു അങ്ങേഅററത്തിൽ എത്തിചേർന്നിരിക്കുന്നതു് അധികാരികൾ ശ്രദ്ധിക്കണം. കഞ്ഞിക്കുഴി ഡാക്ടരുടെ തലയെടുപ്പും കലവൂർ സിററിക്കുള്ള സായന്തന സർക്യൂട്ടും അടുത്തതിൽ.

പലവക:—ഇടയ്ക്കാട്ടു് പൂവത്താംകാവിനു സമീപമുള്ള ഒരു പ്രാപ്പിടയും ഉത്സവകച്ചവടവും മുരുക്കുംപുഴ ഗന്ധർവ്വനും രഹസ്യങ്ങളും അന്വേഷണത്തിൽ. അവനവൻചേരി പഴയ ടോളിനു സമീപം ഉപയോഗശൂന്യമായി കിടക്കുന്ന ഒരു കിണററിന്റെ ദയനീയമായ നില P. W. D. അധികാരികൾ ശ്രദ്ധിച്ചാൽ അനേക ആയിരം ആളുകൾ ഈ വേനൽകാലത്തു് വെള്ളംകോരി കുടിച്ചെങ്കിലും ജീവിക്കുമായിരുന്നു. പിരപ്പൻകോട്ടു് അഞ്ചൽമാൻ പുല്ലൻപാറ, ചുള്ളാളം എന്നീ സ്ഥലങ്ങളിലെ വിതരണം അല്പംകൂടി ശ്രദ്ധിച്ചു് വിലാസക്കാർക്കുതന്നെ കൊടുത്താൽ കൊള്ളാം. ഉള്ളൂർ ദേവസ്വം ശ്രീകാര്യം ശ്രീ: മാധവപ്പണിക്കരുടെ വരവോടുകൂടി ക്ഷേത്രത്തിനു് ഒരു ഉണർവ്വു വന്നിട്ടുണ്ടെന്നു് നാട്ടുകാർ പറയുന്നു. കഴക്കൂട്ടം ധർമ്മശാസ്താവിലാസം നായർഹോട്ടൽ രുചിക്കും ശുചിക്കും മെച്ചം. പാഠകവിദ്വാൻ ശ്രീമാൻ ചേപ്പാട്ടു് കൃഷ്ണക്കുറുപ്പിന്റെ പാഠകം കേൾക്കേണ്ടതാണു്. അവനവൻചേരി ഗ്രാമത്തിലെ ദുഷിച്ച സങ്കേതസ്ഥലം I. P. ശ്രദ്ധിച്ചാൽ കൊള്ളാം. ആലപ്പുഴ മൂൺജില്ലൂട്ടായിലെ ചീട്ടുകളി സമ്പ്രദായം അത്ര നല്ലതിനല്ല. കായംകുളം പോലീസ് ഇൻസ്പെക്ടർ ശ്രീ: ദേവകുട്ടി നായർ ദീർഘായുഷ്മാനായി കായംകുളത്തുതന്നെ സ്ഥിരമായിട്ടു് ഇരിക്കട്ടെയെന്നു നാട്ടുകാർ പറയുന്നു. മി: വേലുക്കുട്ടിനായർ ഒരു സമാധാനപാലകനാണെന്നുള്ളതിനു് സംശയമില്ല.

(വി. കേ. പ.) 4507


## ഗുഗ്ഗുലപാസവം

മഹോദരം, ഊരുസ്തംഭം, കാമില, പഴകിയശ്വാസരോഗം, ചുമ, നീരു്, ഭഗന്ദരം, കൃമി, കുഷ്ഠം, പ്രമേഹം. തുടങ്ങിയ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ചു് പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യുന്നതാണു്.

വിവരത്തിനു താഴെക്കാണുന്ന വിലാസത്തിൽ എഴുതുക—

**എസ്സ്. കൃഷ്ണൻനായർ**

ആയുർവ്വേദ വൈദ്യശാല, കുമ്പഴ, പത്തനംതിട്ട.

ചടയമംഗലം:—ഒരു റേഷൻകടയിൽനിന്നും ചാക്കുകൾ പടി പഞ്ചസാര പറക്കുന്നപോൽ. സമീപമുള്ള മറെറാരു കടയെ പഞ്ചസാര സമീപിക്കുന്നതായി പലരും പലതും പറയുന്നു.

നെടുങ്ങണ്ട:— ഒരു റേഷൻ വ്യാപാരി മാസികകാരേ കാണുമ്പോൾ ഒളിച്ചുകളിക്കുന്ന രഹസ്യം വഴിയേ പറയാം.

കവലയൂർ:—കഴിഞ്ഞ ലക്കത്തിൽ അംബാജി സോപ്പു വക്ക്സിനെപ്പററി ചേർത്തിരുന്ന വാർത്ത സ്വന്ത അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു അറിയുന്നു.

നെടുമങ്ങാട്:—ട്രാൻസ്പോർട്ട് വെയിററിംഗ് ഷെഡിൽ രാത്രികാലങ്ങളിൽ യക്ഷികളുടെ വരവുണ്ടെന്നും, അതു് അന്വേഷണം നടത്തുന്ന ഹെഡ് അക്കൗണ്ടൻറ് ഗന്ധർവരഹസ്യം വിശദമായി അടുത്തതിൽ. അംബികവിലാസം റെസ്റ്റാറൻറ് ഒരു സ്ഥാപനമാണ്. രുചിയും ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ സദാ തയാർ.

അഞ്ചൽ:—ഫോറംസെയിൽ കട അഴിമതി കേന്ദ്രമോ? അരിച്ചാക്കുകൾ പാതിരായ്ക്കു പറക്കുന്നു! അധികൃതർ മൗനമോ? സിനിമാപ്രവർത്തകരുടെ വ്യക്തിവൈരാഗ്യം നാട്ടു മുടിക്കരുതേ! ഇടമുളയ്ക്കൽ "തസ്കരകാമുകൻ" വിദേശപര്യടനം കഴിഞ്ഞു മടങ്ങിയെത്തി പഴയ ജോലിയിൽ? ദൈവ—മയ്യനാട മാത്സര്യത്തിൽ ദൈവം മുന്നണിയിൽ! ആയൂരെ വൈദ്യാത്മജ—ജനകാത്മജാ പ്രണയം തോട്ടുകടവിൽ സ്നാനംചെയ്യുന്നവക്കസഹ്യമാണ്. ആഫീസു വാച്ചർ വവ്വാലിൻെറ "ഇടയം" പ്രേമം പ്രഹരാദിയിൽ? വയയ്ക്കൽ ക്ഷേത്രനടയിലെ റേഷൻ വാലാ പരമ പ്രഭൃതികളുടെ ആഭാസപ്രകടനവും തോന്ന്യവാസമായി. ലൈററടിയും മോശമാണേ! വട്ടമൺപാലത്തിന് ഇനിയും പെൻഷൻ നൽകരുതോ മാളോരെ! ചിട്ടിമുന്നാളിന്റെ "ചുററിക്കൽ" നയം ആയൂർ കവലയിലും പടരുന്നു.


# ഗ്രാമസ്വരാജ്

ആദർശസുരഭിലവും ദേശീയ ചിന്താസമുജ്ജ്വലവുമായ വാരിക.

ഗാന്ധിസം ആദർശമാക്കിക്കൊണ്ടു് രാഷ്ട്രത്തിനു സുശക്തവും കാലോചിതവും ധീരവുമായ നേതൃത്വം നൽകുന്ന

## കേരളത്തിലെ ഏക ദേശീയ വാരിക.

മതം, ശാസ്ത്രം, സാഹിത്യം, സാമുദായം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പററി വിദഗ്ദ്ധമായും രസകരമായും പ്രതിപാദിക്കുന്ന ലേഖനങ്ങൾ, നിരീക്ഷണങ്ങൾ, അപഗ്രഥനങ്ങൾ, വിമർശനങ്ങൾ, കവിതകൾ, വിനോദഭാവനകൾ ഇവയുടെ വിശിഷ്ട സമാഹാരം

## പത്രാധിപസമിതി

1. എം. പി. മന്മഥൻ എം. ഏ. (എഡിററർ–ഇൻ–ചീഫ്)
2. തൃക്കൊടിത്താനം
3. മാതൃശേരി (മാനേജർ)
4. തിരുവാലൂർ ശിവശങ്കരപ്പിള്ള ബി. ഒ. എൽ.
5. എം. പി. രാഘവക്കുറുപ്പ് എം. ഏ. എൽ. ററി.

## പരസ്യംകൊണ്ടു് പ്രയോജനം നേടണമെന്നുള്ളവർ ഗ്രാമസ്വരാജിൽ പരസ്യം ചെയ്യുക.

ഏജൻസി ഇല്ലാത്ത സ്ഥലങ്ങളിൽ ഡിപ്പാസിററുവെയ്ക്കാൻ തയ്യാറുള്ള ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ, ഗ്രാമസ്വരാജ്, ചങ്ങനാശേരി.

SWALLOW
TRADE MARK
BRAND

BROWN WINDSOR
TROM
SOAP.

## സ്വാളോബ്രാൻറ സോപ്പുകൾ

ബാർ—ടിൻ—ക്യൂബ് മുതലായവ
പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടിത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത
**ആകർഷകമായ നിറം—**
**ഹൃദ്യമായ വാസന.**

**ട്രാവൻകൂർ ഓയിൽമിൽസ്**
**ആലപ്പുഴ.**

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ തൃശ്ശൂർ, കോഴിക്കോട്ട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം. കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്ട്.

**ച്യവനപ്രാശം ലേഹ്യം** റാത്തൽ 1-ന് 3 രൂപ

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെവിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചയടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയാർചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

തിരുവനന്തപുരം മരുകൻപ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.

മഹത്തായ ഉൽഘാടന മഹാമഹം 10-5-'50 മുതൽ

# തിരുവനന്തപുരം സെൻട്രലിൽ

കൈലാസ് പിക്ചേഴ്സ് തയാർ ചെയ്ത

എൻ. പി. ചെല്ലപ്പൻ നായരുടെ

# ശശിധരൻ

റിലീസ് ചെയ്ത സ്ഥലങ്ങളിലെല്ലാം വമ്പിച്ച ജനക്കൂട്ടത്തെ ആകർഷിച്ചു
കൊണ്ടു വിജയകരമായി പ്രദർശനം തുടർന്നുവരുന്നു.

പൊതുജനങ്ങളും പത്രങ്ങളും മുക്തകണ്ഠം പ്രശംസിക്കുന്നതും, കുടുംബാംഗങ്ങൾ
★ എല്ലാവർക്കും ഒരുമിച്ചിരുന്നു കണ്ടാസ്വദിക്കത്തക്കതുമായ ഒരു ഉത്തമ ★
മലയാള സാമുദായിക ചിത്രം!!

നടീനടന്മാർ:—

ശ്രീ: P. K. വിക്രമൻനായർ, N. P. ചെല്ലപ്പൻനായർ,
S. P. പിള്ള, ശ്രീമതി കുമാരി, ഓമന, ആറന്മുള പൊന്നമ്മ

വിജയകരമായ 3-ാമത്തു വാരം

ചിത്രായിൽ ★ 10-5'-50 മുതൽ

# സ്ത്രീ

തിക്കുറിശ്ശി സുകുമാരൻനായർ,
ഓമല്ലൂർ ചെല്ലമ്മ,
വൈക്കം മണി,
മുതലായ പ്രശസ്ത നടീ
നടന്മാരാൽ അഭിനയിച്ച

മനുഷ്യ ജീവിതത്തിന്റെ
വിവിധരൂപങ്ങൾ തന്മയത്വ
മായി സാക്ഷാൽകരിച്ചുള്ള
മഹോന്നത സാമുദായിക
മലയാള ചിത്രം.